# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഗുരുവായൂര് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (എം.2)-538/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/05/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഗുരുവായൂര് മുനിസിപ്പാലിറ്റി

സർ,

വിഷയം : ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊച്ചി (ഉപരിപത്രം സഹിതം)
4.കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (എം.2)-538/2023 തീയ്യതി: 03/05/2023

## തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുധാ ദാസ് | ജോയിന്റ് ഡയറക്ടർ | 27-03-2023 | 05-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-03-2023 | 05-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബേബി പി.വി., ഓഡിറ്റ് ഓഫീസർ
ശ്രീമതി മീര ടി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സുധ.ഇ.എൻ,, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ.ജോമോൻ ഇ കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ പി.ബി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ ഡോമിനിക്, ഓഡിറ്റർ
ശ്രീ സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം കൃഷ്ണദാസ് | ചെയർമാൻ | 01-04-2021 | 31-03-2022 |
| ഷിബു പി.എസ് | സെക്രട്ടറി | 01-04-2021 | 02-03-2022 |
| ബീന എസ് കുമാർ | സെക്രട്ടറി | 03-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശശീന്ദ്ര എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ടോണി സി.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| രശ്മി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ലീല ഇ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. മഹാലിംഗേശ്വർ | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. റോസ്‌ലിൻ എം.എസ് | മെഡിക്കൽ ഓഫീസർ ,അലോപ്പതി | 01-04-2021 | 03-03-2022 |
| ഡോ. ദിവ്യ ജി | മെഡിക്കൽ ഓഫീസർ ,അലോപ്പതി | 04-03-2022 | 31-03-2022 |
| ജിബിന എം.എം | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അഷറഫ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഉഷ കെ.സി | പ്രധാന അദ്ധ്യാപിക ജി.എച്ച്.എസ്, ചാവക്കാട് | 01-04-2021 | 30-04-2021 |
| ഒഴിവ് | പ്രധാന അദ്ധ്യാപിക ജി.എച്ച്.എസ്, ചാവക്കാട് | 01-05-2021 | 01-07-2021 |
| റൂബി ജോർജ്ജ് ഒലക്കേങ്കിൽ | പ്രധാന അദ്ധ്യാപിക ജി.എച്ച്.എസ്, ചാവക്കാട് | 02-07-2021 | 31-03-2022 |
| രാധാകൃഷ്ണൻ എം.ഒ | പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ് | 01-04-2021 | 12-09-2021 |
| സീന പി | പ്രിൻസിപ്പൽ ജി.എച്ച്.എസ്.എസ് | 13-09-2021 | 31-03-2022 |

| | | | |
|---|---|---|---|
| സതീഷ്കുമാർ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് | 01-04-2021 | 02-12-2021 |
| സാജിത പി | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് | 03-12-2021 | 31-03-2022 |
| സതീഷ് ഇ.കെ | ഐ.ഇ.ഒ | 01-04-2021 | 10-03-2022 |
| ബിന്നിമോൻ വി.സി | ഐ.ഇ.ഒ | 11-03-2022 | 31-03-2022 |
| ഗ്രീഷ്മ വിജയൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീജ | എസ്.സി.ഡി.ഒ | 01-04-2021 | 18-02-2022 |
| രാധാമണി എം.എൻ | എസ്.സി.ഡി.ഒ | 19-02-2022 | 31-03-2022 |
| ജിഫി ജോയ് | പ്രൊജക്ട് ഓഫീസർ | 01-04-2021 | 31-03-2022 |
| സജീവ് ആർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 31-05-2021 |
| പി.പി മോഹനൻ | ഹെൽത്ത് സൂപ്പർവൈസർ ഇൻചാർജ്ജ് | 01-06-2021 | 29-06-2021 |
| കെ.ശ്രീകുമാർ | ഹെൽത്ത് സൂപ്പർവൈസർ | 30-06-2021 | 02-03-2022 |
| ഒഴിവ് | ഹെൽത്ത് സൂപ്പർവൈസർ | 03-03-2022 | 06-03-2022 |
| വിനോദ് എം.പി | ഹെൽത്ത് സൂപ്പർവൈസർ | 07-03-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 10 | വാർഷിക കണക്ക് - അപാകങ്ങൾ | 1-10 |
| 11 | അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 12 | വസ്തു നികുതി(തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി (കുടിശ്ശിക)- വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തുനികുതി മുൻകൂർ-വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 16 | വസ്തുനികതി-കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-10-6 |
| 17 | ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി.സി.ബി തയ്യാറാക്കുന്നില്ല | 1-10-7 |
| 18 | മുൻകൂർ -ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-10-8 |
| 19 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ-വരുമാനമായി ക്രമീകരിക്കൽ | 1-10-9 |
| 20 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു | 1-10-10 |
| 21 | ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല | 1-10-11 |
| 22 | ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി | 1-10-12 |
| 23 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-10-13 |
| 24 | ക്ലോസിംഗ് സ്റ്റോക്ക്-മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-14 |
| 25 | Capital Work In Progress-തുക കൃത്യമല്ല | 1-10-15 |

| | | |
|---|---|---|
| 26 | ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല | 1-10-16 |
| 27 | എല്ലാ വരവ് രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-10-17 |
| 28 | അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല | 1-10-18 |
| 29 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-10-19 |
| 30 | ബാങ്ക് റീകൺസിലിയേഷൻ-അപാകങ്ങൾ | 1-10-20 |
| 31 | നിർജ്ജീവ അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-10-21 |
| 32 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 1-10-22 |
| 33 | അലോട്ട് ചെയ്യപ്പെട്ട തുകകൾ ACR ൽ വരവ് വന്നിട്ടില്ല | 1-10-23 |
| 34 | വരവ് രജിസ്റ്ററുകളിൽ DCB രേഖപ്പെടുത്തുന്നില്ല | 1-10-24 |
| 35 | രശീതി ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ | 1-11 |
| 36 | തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ ഹാജരാക്കിയില്ല | 1-12 |
| 37 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 1-13 |
| 38 | തൊഴിൽനികുതി കുറവായി ഈടാക്കി | 1-14 |
| 39 | തൊഴിൽനികുതി സമയബന്ധിതമായി ഈടാക്കുന്നില്ല | 1-15 |
| 40 | വസ്തുനികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-16 |
| 41 | വസ്തുനികുതി ഈടാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ് | 1-17 |
| 42 | ലേലം അപാകങ്ങൾ | 1-18 |
| 43 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അപാകങ്ങൾ | 1-19 |
| 44 | പാരാമെഡിക്കൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-20 |
| 45 | സ്വകാര്യ വണ്ടിത്താവളത്തിനുള്ള ലൈസൻസ് ഈടാക്കിയിട്ടില്ല | 1-21 |
| 46 | വാടക- അപാകങ്ങൾ | 1-22 |
| 47 | ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ, ടൗൺഹാൾ ബൈലോ എന്നിവയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല | 1-23 |
| 48 | ക്രിമറ്റോറിയം ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല | 1-24 |
| 49 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല | 1-25 |
| 50 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത്-പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല | 1-26 |
| 51 | പ്രകാശ നഗരം-എൽ ഇ ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ-അപാകതകൾ | 1-27 |
| 52 | ഡീസൽ ജനറേറ്റർ പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-28 |
| 53 | വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ-പൂർത്തീകരണ വിവരണങ്ങൾ ലഭ്യമായിട്ടില്ല | 1-29 |

| | | |
|---|---|---|
| 54 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-30 |
| 55 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല. | 1-31 |
| 56 | സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല. | 1-32 |
| 57 | വെള്ളക്കരം - സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം. | 1-33 |
| 58 | വാഹന പരിപാലനം -അപാകതകൾ | 1-34 |
| 59 | പ്രസാദ് പദ്ധതി -ഫെസിലിറ്റേഷൻ, അമിനിറ്റി സെന്ററുകൾ തുറന്ന് കൊടുക്കണം. | 1-35 |
| 60 | UIDSSMT –(Urban Infra Structure Scheme For Small And Medium Towns)പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല,ശേഷിപ്പ് തുക കൈമാറിയിട്ടില്ല. | 1-36 |
| 61 | ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-37 |
| 62 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം. | 1-38 |
| 63 | സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം. | 1-39 |
| 64 | ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 1-40 |
| 65 | 406/22 ബയോകംമ്പോസ്റ്റർ ബിൻ വിതരണം | 1-40-1 |
| 66 | 403/22 വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് വിതരണം. | 1-40-2 |
| 67 | 463/22 സ്മാർട്ട് ഗ്യാർബേജ് ആപ്പ് | 1-40-3 |
| 68 | ഗുരുവായൂർ ദേവസ്വം അംശദായം അടവാക്കിയില്ല | 1-41 |
| 69 | ഇ – ടെണ്ടർ ഫി അടവാക്കിയ വിവരം ലഭ്യമാക്കിയില്ല. | 1-42 |
| 70 | കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-43 |
| 71 | അമൃത് (അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) പദ്ധതി | 1-44 |
| 72 | പത്രങ്ങളിൽ പരസ്യം -സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് ലഭിച്ചില്ല. | 1-45 |
| 73 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല | 1-46 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ്ജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 23.02.2021 | 1/1 | 2,34,82,46,252 | 2,38,36,50,691 |

### റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25.3.2022 | 1/1 | 98,09,87,085 | 99,25,11,971 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26,75,50,548.92 |
| വരവ് | 53,45,71,377 |
| ആകെ | 80,21,21,925.92 |
| ചെലവ് | 67,36,68,912.00 |
| നീക്കിയിരിപ്പ് | 12,84,53,013.92 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ അവശേഷിച്ച തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACRപ്രകാരം) | 0 | 6,44,41,658 | 6,44,41,658 | 6,18,32,753 | 26,08,905 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,29,28,000 | 1,29,28,000 | 1,16,22,719 | 13,05,281 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4,13,08,000 | 4,13,08,000 | 3,20,71,562 | 92,36,438 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2,04,61,814 | 2,04,61,814 | 1,53,80,821 | 50,80,993 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | 0 | 3,09,23,778 | 3,09,23,778 | 1,63,63,176 | 1,45,60,602 |
| സിഎഫ് സി ടൈഡ് | 0 | 5,57,33,541 | 5,57,33,541 | 4,81,18,839 | 76,14,702 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 396 | 27,65,80,245 | 170 | 20,07,79,614 | 42.92 % | 72.59 % |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-അവലോകനം

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 24,65,433 | 51,01,476 | 75,66,909 | 65,89,261 | 9,77,648 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | ഇല്ല | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 64,42,800 | 4226 |
| വിധവാ പെൻഷൻ | 4,55,87,600 | 29183 |
| വാർദ്ധക്യകാല പെൻഷൻ | 10,19,23,900 | 66136 |
| വികലാംഗപെൻഷൻ | 1,08,88,400 | 6957 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 37,04,600 | 2355 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | ഇല്ല | ഇല്ല |

മേൽ വിവരങ്ങളിൽ തുക വാർഷിക കണക്കിലേയും, ഗുണഭോക്താക്കളുടെ എണ്ണം നഗരസഭ നല്കിയ കണക്കുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.03.2023 ന് 3 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,78,042/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ഡേ ബുക്കുമായി പരിശോധിച്ച് ബോധ്യപ്പെട്ടു. എന്നാൽ പ്രസ്തുത ദിനം ക്യാഷ് ബാലൻസ് പരിശോധനയുമായി ബന്ധപ്പെട്ട് അന്നേ ദിവസത്തിലെ ക്യാഷ്ബുക്ക് പരിശോധിച്ചപ്പോൾ ഗുരുവായൂർ നഗരസഭയുടെ 28.03.2023 ലെ ക്യാഷ് ബുക്ക് പ്രകാരമുള്ള ഓപ്പണിംഗ് ബാലൻസ് 1549826 രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അന്നേ ദിവസത്തെ വരവ് തുക 2,78,042/- രൂപയാണ്. ആയതുപ്രകാരം പ്രസ്തുത ദിനത്തിലെ നീക്കിയിരിപ്പ് 1827868 രൂപ വരണമെന്നിരിക്കെ പരിശോധനയിൽ അന്നേ ദിവസത്തെ വരവ് തുകയായ 2,78,042/- രൂപ മാത്രമാണ് കണ്ടെത്താൻ സാധിച്ചത്. ആയതിനാൽ തുകയിൽ ഇപ്രകാരം അന്തരമുണ്ടാകുവാനുള്ള കാരണം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.05, തിയതി:28.03.2023) 24.03.2023, 25.03.2023, 26.03.2023 തീയതികളിലെ വരവ് തുകയായ 644045 രൂപ 25.03.2023, 26.03.2023 എന്നീ തീയതികളിൽ ബാങ്ക് അവധിയായതിനാൽ 27.03.2023 നും 27.03.2023 ലെ വരവ് തുകയായ 905781 രൂപ 28.03.2023 ന നഗരസഭ തനത് ഫണ്ടിൽ അടവാക്കിയിട്ടുള്ളതാണെന്നും എന്നാൽ പ്രസ്തുത ദിനങ്ങളിൽ അടവാക്കിയ തുക സംബന്ധിച്ച വിവരം കമ്പ്യൂട്ടറിൽ കോൺട്രാ എൻട്രി ചെയ്യാതിരുന്നതിനാലാണ് ക്യാഷ് ബുക്ക് ഓപ്പണിംഗിൽ വ്യത്യാസം

വന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത തുകകൾ 28.03.2023 ൽ കോൺട്രാ എൻട്രി നടത്തിയത് ഓഡിറ്റിന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ദിവസേനയുള്ള വരവ് പരിശോധിച്ചുറപ്പിച്ച് ആയത് അന്നേ ദിനമോ അല്ലെങ്കിൽ അടുത്ത പ്രവൃത്തി ദിനമോ ബാങ്കിൽ അടവാക്കേണ്ടതാണ്. കൂടാതെ യഥാസമയം കോൺട്രാ എൻട്രികൾ നടത്തി ക്യാഷ്ബുക്ക് യഥോചിതം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

- ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ധനകാര്യ സ്റ്റേറ്റ്മെന്റുകൾ മാസം തോറും വിലയിരുത്തുന്നില്ല.

കേരള മുനിസിപ്പാലിറ്റി നിയമം 22(ഡി)(II)(IV) വകുപ്പുകൾ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, അക്കൗണ്ടുകൾ പരിശോധിക്കേണ്ടതും, മാസം തോറും സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്. ഇതിനായി മാസാവസാനം അതുവരെയുള്ള വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കേണ്ടതാണെന്ന് കേരള മുനിസിപ്പലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007 ലെ ചട്ടം 57(1)&(2) എന്നിവയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ മാസാന്ത്യ കണക്കുകൾ തയ്യാറാക്കിയതായോ, അംഗീകരിച്ചതായോ കാണുന്നില്ല.

* ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

* ഫ്രണ്ട് ഓഫീസിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

ദിവസവും ആയിരക്കണക്കിന് രൂപ അടവുവരുന്ന ക്യാഷ് കൗണ്ടറിൽ പ്രസ്തുത സംവിധാനത്തിന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തരത്തിൽ സൗകര്യങ്ങളില്ല. ടോക്കൺ സമ്പ്രദായം, ജനങ്ങൾക്ക് ആവശ്യമായ ഇരിപ്പിട സൗകര്യങ്ങൾ, ഹെൽപ് ഡെസ്ക് എന്നിവയില്ല. ഫ്രണ്ട് ഓഫീസ് ഡയറി, ഡ്യൂട്ടി ചെയിഞ്ച് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- ഓഫീസ് ഉത്തരവുകൾ വഴി കൃത്യമായി ജോലി വിഭജനം നടത്തി താഴെ തട്ടിലുള്ളവർക്ക് ഉത്തരവാദിത്തം ഏല്പിച്ചതായി കാണുന്നില്ല. ഓഫീസ് ഉത്തരവ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല.
- വൗച്ചറുകൾ ക്രമപ്രകാരം മാസം തിരിച്ച് ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല. വൗച്ചറുകളോടൊപ്പം സാംഖ്യ പേയമെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.
- രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പലതും ബന്ധപ്പെട്ട ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
- പ്രോജക്ടുകളുടെ നിർവ്വഹണ, പൂർത്തീകരണ കാലയളവിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപ്പെടലുകൾ കാണുന്നില്ല.
- നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപ്പടികൾ സ്വീകരിക്കേണ്ടതാണ്. പ്രവർത്തനങ്ങൾ ഇനിയും ആരംഭിക്കാതെ പൂട്ടി കിടക്കുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള കംഫർട്ട് സ്റ്റേഷനുകൾ, പാർക്കിംഗ് ഗ്രൗണ്ടുകൾ, ടൂറിസ്റ്റ് ഹോമുകൾ എന്നിവ എത്രയും വേഗം പ്രവർത്തന യോഗ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- 2019-20 വർഷത്തിൽ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തികരിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്റർ ഇനിയും തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയത് എത്രയും വേഗം തുറന്ന് പ്രവൃത്തിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- മരാമത്ത് പ്രവൃത്തികളിൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയ ക്ലിപ്തത പാലിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.കരാർ കാലതാമസം, പൂർത്തികരണ കാലതാമസം എന്നിവ വരുത്തുന്ന കരാറുകാരിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

* മുൻകൂറുകൾ ക്രമപ്പെടുത്തുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. ഇത് ഒഴിവാക്കേണ്ടതാണ്.

* ഇൻക്യുമ്പൻസി രജിസ്റ്റർ

ഇൻക്യുമ്പൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. മുനിസിപ്പാലിറ്റിയിലേയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേരുകൾ, മേൽവിലാസം, കാലയളവ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

*** കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ**

കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് രജിസ്റ്റർ, 86/2010/fin തി.24.09.2010 നം സർക്കുലറിൽ പറയുന്ന വിധത്തിൽ സൂക്ഷിച്ചിട്ടില്ല.

***പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ**

എല്ലാ അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷാ രജിസ്റ്ററുകളിൽ അപേക്ഷാതീയതി, പെൻഷൻ അനുവദിച്ച തിയതി, സ്റ്റാൻഡിങ്ങ് കമ്മിറ്റി തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 വാർഷിക കണക്ക് - അപാകങ്ങൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു. അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി : 26/03.04.2023)

## 1-10-1 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള മുൻസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58-(2) (എഫ്).

## 1-10-2 വസ്തു നികുതി(തൻവർഷം)-വാർഷികകണക്കുകളും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 47671762 | 29496602 | 807307 | 17635375 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 47394838 | 34266018 | - | *13128821 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | (350410101-Advance Collection-PT -ന്റെ ലെഡ്ജർ) | *(13785262/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ

തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തു നികുതി (കുടിശ്ശിക)- വാർഷികകണക്കുകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 70320347 | 18654066 | 51325136 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *35926067 | 19451819 | **16484876 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ((27488086+10234284) /105*100)) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (17309120/105X100) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| | 2399677 | 3597847 | | 1482748 | 937388 | | | | 890277 | 2618304 | |
| | | | 5997524 | | | 2420136 | 40278 | | | | 3508467* |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4166043 | | | 2685891 | | | | 2685892 | 1480682 | | |
| | 1796301+2369742 = (2020-21ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910100- State Govt. Cess/levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-29 (വരവ്)) | | | | (431910100 -State Govt. Cess/levies ലെഡ്ജർ 2021-22) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

*"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരമുള്ള 'ആകെ' ആണ് കൊടുത്തിട്ടുള്ളത്. ഗണിതക്രിയയിൽ വ്യത്യാസമുണ്ട്. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-5 വസ്തുനികുതി മുൻകൂർ-വാർഷികകണക്കും ഡി.സി.ബി പത്രികയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax | 21028 | 2129241 |

## 1-10-6 വസ്തുനികതി-കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ 1343 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110010100-Property Tax എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-7 ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കി ഡി.സി.ബി തയ്യാറാക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
- തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
- ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

- വാടക ഡിമാന്റ് രജിസ്റ്റർ
- പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
- ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

### 1-10-8 മുൻകൂർ -ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|
| ഡി & ഒ | 350410301-Advance Collection Of Revenues-Licence Fees | 80000 |

### 1-10-9 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ-വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280209900-Prior Period Income-Other Income | 252169250 |

അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട ലോൺ ഇനത്തിൽ ലഭ്യമായ തുകകൾ മുൻവർഷങ്ങളിലെ വാർഷിക കണക്കിൽ ചേർത്തിരുന്നില്ല. ആയത് ഒരുമിച്ച് ഈ വർഷം വാർഷിക കണക്കിൽ ചേർത്തിട്ടുള്ളതിനാലാണ് ഇത്ര ഭീമമായ തുക Loan From State Govt. (331200100) എന്ന ശീർഷകത്തിൽ വരവായും Prior Period Income – Other Income (280209900) എന്ന ശീർഷകത്തിൽ ചെലവായും കാണിച്ചിട്ടുള്ളത്. മുൻ വർഷത്തിൽ അമൃത് പദ്ധതിയിൽ ലഭിച്ച ലോൺ വാർഷിക കണക്കിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-10-10 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-11 ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലാണോ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബാലൻസ് ഷീറ്റിലെ B11 ഷെഡ്യൂളിൽ (Fixed Assets) Land – Municipality എന്ന ആസ്തിയുടെ വില 84776/- എന്ന്

കണക്കാക്കിയിട്ടുള്ളത് ശരിയല്ല. ആയത് പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതാണ്.

### 1-10-12 ആസ്തിയുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം കണക്കാക്കി

31/3/2022ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തിക്ക് 6,62,92,371/-രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തിയുടെ 31/3/2022 ലെ Accumulated Depreciation 22,17,80,564/- രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2022-23 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-10-13 ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5,00,000/-രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. Fixed Deposit ഇനത്തിൽ 93,805/- രൂപയാണുള്ളത്. ആയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-10-14 ക്ലോസിംഗ് സ്റ്റോക്ക്-മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 74,312/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

### 1-10-15 Capital Work In Progress-തുക കൃത്യമല്ല

31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1,09,96,695/-രൂപയാണ്. മുനിസിപ്പൽ എഞ്ചിനീയർ, 2 അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക വിവരം ലഭ്യമാക്കിയിട്ടില്ല (പൂക്കോട് സോണൽ ഓഫീസിൽ നിന്നുള്ള വിവരങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്). ആയതിനാൽ ഈ തുകയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-10-16 ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B6 ഷെഡ്യൂൾ പ്രകാരം താഴെ കാണും വിധം വായ്പ തിരിച്ചു അടവാക്കാൻ ഉണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ വായ്പയുടെ വരവ് ചെലവ് നീക്കിയിരിപ്പുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | ശീർഷകം | തുക |
|---|---|---|
| 1 | 331200100- Loans From State Govt | 206,129,670 |

HUDCO ലോൺ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-10-17 എല്ലാ വരവ് രജിസ്റ്ററുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ലൈബ്രറി രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ, ഭൂമി പാട്ടം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

വാർഷിക കണക്കിലെ RP 37 പ്രകാരം 431400107 ശീർഷകത്തിൽ Rent Receivable From Lease On Land (Current) - 2,83,545/- രൂപയുടെ വരവുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയലുകളോ രജിസ്റ്ററുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

RP-3 (130100200, 130101000 എന്നിവ ഒഴികെ), RP-4 (140100100, 140110100, 140120100, 140501100, 140501300, 140502000 എന്നിവ ഒഴികെ), RP-5 എന്നിവ പ്രകാരമുള്ള വരവുകളുടെ രജിസ്റ്ററുകൾ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

### 1-10-18 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ നിർവഹണ ഏജൻസികൾക്ക് നൽകിയ അഡ്വാൻസ്, മാര്യേജ് ലോൺ എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. Miscellaneous Advance വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-10-19 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റസീപ്റ്റ് ആന്റ് പേയ്മെന്റ് RP 27 പ്രകാരമുള്ള വരവു ചെലവുകളുടെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-10-20 ബാങ്ക് റീകൺസിലിയേഷൻ-അപാകങ്ങൾ

1. ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. Canara Bank (Chairman's Relief Fund) A/c No. 0838101047835

Cheque Issued But Not Presented Into Bank- 1,20,000/- രൂപ, 2021-22 വർഷം മുഴുവൻ ഉള്ള മാസങ്ങളിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ കാണുന്നുണ്ട്. ആയത് Stale Cheque Account-ലേക്ക് മാറ്റിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. Canara Bank- NRY A/c No.0838101017789

വാർഷിക കണക്കിൽ ഈ അക്കൗണ്ടിൽ 3,000/-രൂപ ഉള്ളതായി കാണുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ ഈ അക്കൗണ്ടിൽ ബാലൻസില്ല. ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

### 1-10-21 നിർജ്ജീവ അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകൾ നിലവിൽ ഉപയോഗത്തിൽ ഇല്ലാത്തതായി കാണുന്നു. ആയത് എന്തിനുവേണ്ടിയുള്ള അക്കൗണ്ടുകളാണ് എന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അക്കൗണ്ടുകൾ ഉപയോഗത്തിൽ ഇല്ലാത്തപക്ഷം ക്ലോസ് ചെയ്യാവുന്നതാണ്.

| ക്രമ നം | ശീർഷകം | ബാങ്ക് അക്കൗണ്ട് | ബാലൻസ് തുക |
|---|---|---|---|
| 1 | 450230100 | തൃശ്ശൂർ ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് TDCB 27 | 56111 |
| 2 | 450250400 | GCUB 4374 | 49566.62 |
| 3 | 450250500 | GCUB 3907 | 36055 |
| 4 | 450430100 | SCB കോട്ടപ്പടി | 31517 |
| 5 | 450610400 | Canara Bank-NRY | 3000 |
| 6 | 450620100 | Punjab National Bank 26441 | 82993 |

### 1-10-22 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വെയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.22 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

## 1-10-23 അലോട്ട് ചെയ്യപ്പെട്ട തുകകൾ ACR ൽ വരവ് വന്നിട്ടില്ല

GO(Rt) No. 2617/2022 Dtd. 31.03.2022 പ്രകാരം താഴെക്കൊടുത്തിരിക്കുന്ന തുകകൾ അലോട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ആയത് ACR ൽ വരവ് വന്നിട്ടില്ല.

Development Fund (General) – 4280049

Development Fund (SCP) -7285

Maintenance Fund (Road) -50

Maintenance Fund (Non Road)-100696

## 1-10-24 വരവ് രജിസ്റ്ററുകളിൽ DCB രേഖപ്പെടുത്തുന്നില്ല

വരവ് രജിസ്റ്ററുകളിൽ വർഷാവസാനം DCB തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. മെയിൻ ഓഫീസിലെയും രണ്ടു സോണകളിലെയും എല്ലാ വരവുകളുടെയും DCB വിവരങ്ങൾ ക്രോഡീകരിച്ച് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 രശീതി ബുക്ക് കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

നഗരസഭയിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. രസീതുകളിൽ തുക വെട്ടി തിരുത്തി എഴുതിയിട്ടുണ്ട്. ഉദാ: 286/28501, 28510, 28511, 28512, 451/45003, 45004, 45005, 474/47334, 47372, 47389 ആയത് ചട്ട വിരുദ്ധമാണ്. (കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ,2007 ചട്ടം 11)

2. രസീത് പുസ്തകം നം. 235/23476 ൽ ശ്രീമതി ഷീബ ബാലകൃഷ്ണൻ എന്ന ഗുണഭോക്താവിൽ നിന്നും വാങ്ങിയ ഗുണഭോക്തൃവിഹിതം 1,345 രൂപ രസീതിൽ എഴുതിയിട്ടില്ല. എന്നാൽ ടി തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അടവാക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഗുണഭോക്താവിന് തുക രേഖപ്പെടുത്താത്ത രസീതാണ് നൽകിയിരിക്കുന്നത്.

3. രസീത് ബുക്ക് നം. 316 ലെ പേജ് നം. 31591 മുതൽ 31600 വരെ റദ്ദ് ചെയ്തിട്ടില്ല. ആയത് റദ്ദ് ചെയ്യേണ്ടതാണ്.

4. SC പ്രൊമോട്ടർക്ക് അനുവദിച്ച 487 നമ്പർ രസീത് ബുക്കിന്റെ 48601 മുതൽ 48680 വരെയുള്ള പേജുകൾ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പേജുകളുടെ അസ്സൽ രസീതി സൂക്ഷിക്കാതെ കാർബൺ കോപ്പിയാണ് സൂക്ഷിക്കുന്നത്. കക്ഷികൾക്ക് അസ്സൽ രസീതി നൽകുകയാണ് ചെയ്യുന്നത്.

5. കൃഷി ഫീൽഡ് ഓഫീസർക്ക് അനുവദിച്ച 312 നമ്പർ രസീത് ബുക്കും, ആയതിന്റെ കളക്ഷൻ രജിസ്റ്ററും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ ഹാജരാക്കിയില്ല

ഗുരുവായൂർ നഗരസഭയുടെ 2021-22 വർഷത്തെ ഓഡിറ്റിനായി തൈക്കാട് സോണൽ ഓഫീസിലെ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണെന്ന് 01.04.2023 ലെ ഓഡിറ്റ് അന്വേഷണം നം. 21 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ തന്നെ തൈക്കാട് സോണൽ ഓഫീസിലെ തൊഴിൽനികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. തൊഴിൽനികുതി എന്നത് നഗരസഭയുടെ തനതുവരുമാനം എന്നിരിക്കെ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ ഹാജരാക്കാത്തത് വലിയ വീഴ്ചയാണ്. ആയതിനാൽ തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

ഗുരുവായൂർ നഗരസഭയിൽ ആകെ 26 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നവയിൽ ചുവടെ പറയുന്ന മൊബൈൽ ടവറുകൾ വസ്തുനികുതിയിൽ ഭീമമായ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വസ്തുനികുതിയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള മൊബൈൽ ടവറുകളുടെ ഉടമസ്ഥർക്ക് തുക അടവാക്കുന്നതിന് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.47, തീയതി.05.04.2023 ) മറുപടി

നൽകിയിട്ടുണ്ട്. വസ്തുനികുതി എന്നത് നഗരസഭയുടെ പ്രധാനപ്പെട്ട തനതുവരുമാനങ്ങളിൽ ഒന്നാണ് എന്നിരിക്കെ മൊബൈൽ ടവറുകൾ വസ്തുനികുതി കുടിശ്ശിക വരുത്തി പ്രവർത്തിക്കുന്നത് നിയമാനുസൃതമല്ല. ആയതിനാൽ വസ്തുനികുതി കുടിശ്ശിക അടിയന്തരമായി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | അടിസ്ഥാന വസ്തു നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 3/525 | ആൽഫ്രഡ് സി.ടി,റോസിലി | 3675 | 26200 |
| 2. | 3/528/1 | മാനേജർ, ഇൻഡസ് ടവർ ലിമിറ്റഡ് | 4600 | 57960 |
| 3. | 10/6 | വയർലെസ്സ് ടി.ടി ഇൻഫോ സർവീസസ് ലിമിറ്റഡ് | 10428 | 75108 |
| 4. | 10/17 | ഭാരതി ഇൻഫ്രാ ടെലി ലിമിറ്റഡ് ടെലി കമ്മ്യൂണിക്കേഷൻ ടവർ | 10949 | 78702 |
| 5. | 13/964/2 | വയർലെസ്സ് ടി.ടി ഇൻഫോ സർവീസസ് ലിമിറ്റഡ് | 9565 | 92464 |
| 6. | 23/52/1 | ATC ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 14136 | 48771 |
| 7. | 25/697/ | എം.കെ നാരായണൻ, എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് | 43445 | 149889 |
| 8. | 37/19/7 | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 4500 | 5175 |
| 9. | 37/560/ | റിലയൻസ് ഇൻഫോ ടെയിൽ ലിമിറ്റഡ് | 17100 | 116398 |
| ആകെ | | | | 650667/- |

## 1-14 തൊഴിൽനികുതി കുറവായി ഈടാക്കി

മുനിസിപ്പാലിറ്റി പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 245).

ഗുരുവായൂർ നഗരസഭയുടെ തൊഴിൽനികുതി രജിസ്റ്ററും സ്ഥാപന ഉടമകൾ/മേധാവികൾ സമർപ്പിച്ചിരിക്കുന്ന തൊഴിൽനികുതി സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി കുറവായി ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 2021-22 സാമ്പത്തികവർഷം (ഒന്നാം അർദ്ധവർഷം ) | | | | | | |
|---|---|---|---|---|---|---|
| ക്രമനം. | സ്ഥാപനം | ജീവനക്കാരന്റെ പേര് | ആറ് മാസത്തെ ശമ്പളം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
| 1. | ഗുരുവായൂർ ദേവസ്വം | നവനീത് കൃഷ്ണൻ | 141775 | 1250 | 1000 | 250 |
| 2. | | സുധി പഴയിടം | 101265 | 1000 | 750 | 250 |
| 3. | | നിതിൻ കെ.എസ് | 101910 | 1000 | 750 | 250 |

| | | | | | | |
|---|---|---|---|---|---|---|
| 4. | | പി.രതീഷ് | 101910 | 1000 | 750 | 250 |
| 5. | | എ.ജി രാജേഷ് | 101265 | 1000 | 750 | 250 |
| 6. | | പി.കുറുമ്പ (സ്വീപ്പർ) | 39345 | 300 | 180 | 120 |
| 7. | | എ.പ്രേമ (സ്വീപ്പർ) | 56145 | 450 | 300 | 150 |
| 8. | | പി.ബി ലത (സ്വീപ്പർ) | 50310 | 450 | 300 | 150 |
| 9. | | ഷൈജ.കെ (KGടീച്ചർ) | 70692 | 600 | 450 | 150 |
| 10. | | ജ്യോമി വി.എസ് (KGടീച്ചർ) | 70692 | 600 | 450 | 150 |
| 11. | | അശ്വതി ആർ (ആയ) | 53022 | 450 | 300 | 150 |
| 12. | | ഗീത വി.ജി (ആയ) | 53022 | 450 | 300 | 150 |
| 13. | | മണി.എസ് (OA) | 106050 | 1000 | 750 | 250 |
| 14 | | ബിന്ദു എം.കെ (സ്വീപ്പർ) | 106050 | 1000 | 750 | 250 |
| 15. | | സുനില ടി.പി (സ്വീപ്പർ) | 106050 | 1000 | 750 | 250 |
| 16. | | അജയ് (NMR) | 65975 | 600 | 450 | 150 |
| 17. | | അജികുമാർ എൻ.ജി (NMR) | 82650 | 750 | 450 | 300 |
| 18. | | ശ്യാംകൃഷ്ണൻ (NMR) | 34800 | 300 | 120 | 180 |
| 19. | | സുരേഷ്കുമാർ കെ.കെ(NMR) | 69600 | 600 | 450 | 150 |
| 20. | | ജയകൃഷ്ണൻ.കെ(NMR) | 65975 | 600 | 450 | 150 |
| 21. | | ശ്രീജിത്ത് (NMR) | 30450 | 300 | 120 | 180 |
| 22. | | ഡോ.പ്രത്വീരാജൻ | 306000 | 1250 | 0 | 1250 |
| 23. | | ഗീത വടക്കത്ത് | 106050 | 1000 | 750 | 250 |
| 24. | | ഡോ.പാർവതി ബി.എൽ | 253830 | 1250 | 0 | 1250 |
| 25. | | സഞ്ജയ് ഭാസ്കരൻ | 360000 | 1250 | 0 | 1250 |
| 26. | | പദ്മപാദൻ | 106050 | 1000 | 750 | 250 |
| 27. | | ടി.എൻ രാമകൃഷ്ണൻ | 178200 | 1250 | 600 | 650 |
| 28. | | എം.വിനോദ് കുമാർ | 83250 | 750 | 600 | 150 |
| 29. | | ശ്രീലേഖ | 35475 | 300 | 0 | 300 |
| 30. | | അനിത സി.കെ | 70950 | 600 | 0 | 600 |
| 31. | | രാധാകൃഷ്ണൻ.എം | 75465 | 750 | 450 | 300 |
| 32. | | രഞ്ജിത്ത് കെ.കെ | 76110 | 750 | 600 | 150 |
| 33. | | ഗീത ബാബുരാജ് | 77400 | 750 | 450 | 300 |
| 34. | | സജിത വേണുഗോപാൽ | 78045 | 750 | 600 | 150 |
| 35. | | സുധീഷ് എം.ആർ | 69015 | 600 | 450 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 36. | | ജിഷ രാജീവ് | 80365 | 750 | 600 | 150 |
| 37. | | ഷീബ സുനിൽ | 79980 | 750 | 600 | 150 |
| 38. | | ഹരിദാസൻ കെ.കെ | 77400 | 750 | 450 | 300 |
| 39. | | പ്രശാന്ത് കെ.എസ് | 84495 | 750 | 450 | 300 |
| 40. | | നിവിൻ മനോഹരൻ | 90300 | 750 | 600 | 150 |
| 41. | | ദീപക് എം.എ | 101265 | 1000 | 750 | 250 |
| 42. | | മൃദുൽ ആർ.ആർ | 98040 | 750 | 600 | 150 |
| 43. | | ജ്യോതിഷ് എ.ബി | 81270 | 750 | 600 | 150 |
| 44. | | അരുൺ.എ.എസ് | 101265 | 1000 | 750 | 250 |
| 45. | | വിജയ് മോഹൻ കെ.സി | 30000 | 300 | 180 | 120 |
| 46. | | വിജയൻ കെ | 102555 | 1000 | 750 | 250 |
| 47. | | വനമോഹനൻ കെ.പി | 100620 | 1000 | 750 | 250 |
| 48. | | സന്തോഷ്കുമാർ എസ് | 103200 | 1000 | 750 | 250 |
| 49. | | പ്രശോഭ് എൻ | 101265 | 1000 | 750 | 250 |
| 50. | പോസ്റ്റ്മാസ്റ്റർ ഓഫീസ് ഗുരുവായൂർ | ശങ്കരൻ കെ.ടി | 107058 | 1000 | 750 | 250 |
| 2021-22 സാമ്പത്തികവർഷം (രണ്ടാം അർദ്ധവർഷം ) | | | | | | |
| 51. | ഗുരുവായൂർ ദേവസ്വം | ഡോ.ബിൻ രമാകാന്തൻ | 148488 | 1250 | 1000 | 250 |
| 52. | | അശ്വതി എ.ആർ | 81390 | 750 | 600 | 150 |
| 53. | | ഡോ.വിഷ്ണു ആർ | 125325 | 1250 | 1000 | 250 |
| 54. | | ലളിത കെ.ബി | 46440 | 450 | 300 | 150 |
| 55. | | സുധി പഴയിടം | 101265 | 1000 | 750 | 250 |
| 56. | | നിതിൻ കെ.എസ് | 101910 | 1000 | 750 | 250 |
| 57. | | രാജേശ്വരി കെ.എ | 67629 | 600 | 450 | 150 |
| 58. | | പി രതീഷ് | 101910 | 1000 | 750 | 250 |
| 59. | | എ.ജി രാജേഷ് | 101265 | 1000 | 750 | 250 |
| 60. | | കെ.എസ് രാധിക | 88365 | 750 | 600 | 150 |
| 61. | | കെ.വി ലെനിൻ | 82650 | 750 | 600 | 150 |
| 62. | | കെ.വി ഗോപകുമാർ | 82650 | 750 | 450 | 300 |
| 63. | | എം.രവി | 96750 | 750 | 600 | 150 |
| 64. | | ടി.കെ സുമതി | 46440 | 450 | 300 | 150 |
| 65. | | എ.പ്രേമ | 56145 | 450 | 300 | 150 |
| 66. | | പി.ബി ലത | 50310 | 450 | 300 | 150 |
| 67. | | ശ്രീജിത്ത് ആർ.കെ | 54180 | 450 | 300 | 150 |
| 68. | | രാജീവ് എ.ജെ | 90000 | 750 | 600 | 150 |
| 69. | | അരുൺ സി.പി | 90000 | 750 | 600 | 150 |

| | | | | | |
|---|---|---|---|---|---|
| 70. | ബബിൻ വി.സി | 90000 | 750 | 600 | 150 |
| 71. | വിഷ്ണു എസ് | 90000 | 750 | 600 | 150 |
| 72. | മിഥുൻ എൻ മോഹൻ | 53000 | 450 | 300 | 150 |
| 73. | ശ്രീരാഗ് വി.എസ് | 60000 | 600 | 450 | 150 |
| 74. | ജിബിൻലാൽ പി.ജെ | 45000 | 450 | 300 | 150 |
| 75. | സനിൽ | 60000 | 600 | 450 | 150 |
| 76. | വിനീഷ് കെ.വി | 28000 | 180 | 120 | 60 |
| 77. | എസ്.വി രാമകൃഷ്ണൻ | 130500 | 1250 | 750 | 500 |
| 78. | സുരേഷ്കുമാർ | 75000 | 750 | 600 | 150 |
| 79. | ബിനുകുമാർ കെ.ആർ | 75000 | 750 | 600 | 150 |
| 80. | സുമേഷ് കെ.വി | 75000 | 750 | 600 | 150 |
| 81. | ബിനു.കെ.കെ | 75000 | 750 | 600 | 150 |
| 82. | ജിതേഷ്കുമാർ കെ.വി | 75000 | 750 | 600 | 150 |
| 83. | സത്യനാഥൻ ഒ | 75000 | 750 | 600 | 150 |
| 84. | ബിനീഷ്.കെ | 75000 | 750 | 600 | 150 |
| 85. | പ്രമോദ് കെ.യു | 75000 | 750 | 600 | 150 |
| 86. | ഉണ്ണികൃഷ്ണൻ.പി | 75000 | 750 | 600 | 150 |
| 87. | ഹരിദാസ് കെ.പി | 75000 | 750 | 600 | 150 |
| 88. | മുരളി കെ.എ | 75000 | 750 | 600 | 150 |
| 89. | അനുരാഗ് കെ.എ | 75000 | 750 | 600 | 150 |
| 90. | മനോജ്കുമാർ | 75000 | 750 | 600 | 150 |
| 91. | ഗോപൻ ജി നായർ | 75000 | 750 | 450 | 300 |
| 92. | സന്തോഷ് ടി.സി | 75000 | 750 | 450 | 300 |
| 93. | വിജയലക്ഷ്മി എം.എസ് | 75000 | 750 | 600 | 150 |
| 94. | സതി അനസൂയ ഇ.വി | 75000 | 750 | 600 | 150 |
| 95. | കമലാദേവി കെ.വി | 75000 | 750 | 600 | 150 |
| 96. | ജയന്തി ടി.എം | 75000 | 750 | 600 | 150 |
| 97. | ശോഭന കെ.കെ | 75000 | 750 | 600 | 150 |
| 98. | രാധ കെ.കെ | 75000 | 750 | 600 | 150 |
| 99. | ലക്ഷ്മി | 75000 | 750 | 600 | 150 |
| 100. | പ്രേമ എൻ.ആർ | 75000 | 750 | 600 | 150 |
| 101. | കൈരളി | 75000 | 750 | 600 | 150 |
| 102. | ഹേമാംബിക കെ.പി | 75000 | 750 | 600 | 150 |
| 103. | അജിത കെ.പി | 75000 | 750 | 600 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 104. | | മോളി പി | 75000 | 750 | 600 | 150 |
| 105. | | ഷിജ്ജ കെ.കെ | 100620 | 1000 | 750 | 250 |
| 106. | | ഹൈമാവതി എം | 100620 | 1000 | 750 | 250 |
| 107. | | സുധീർ.കെ.എസ് | 101910 | 1000 | 750 | 250 |
| 108. | | ജയപ്രകാശ് പി.വി | 101860 | 1000 | 750 | 250 |
| 109. | | ഉഷദേവി ടി.എൻ | 101910 | 1000 | 750 | 250 |
| 110. | | സജീവ് തിരുവത്ര | 101040 | 1000 | 750 | 250 |
| 111. | | മുരളീധരൻ കെ | 101265 | 1000 | 750 | 250 |
| 112. | | ശരത്ത് ഓ.എസ് | 101910 | 1000 | 750 | 250 |
| 113. | | പ്രദീപ് കെ.സി | 101265 | 1000 | 750 | 250 |
| 114. | | വൈശാഖ് എ | 102555 | 1000 | 750 | 250 |
| 115. | | അരുൺ എ.എസ് | 100620 | 1000 | 750 | 250 |
| 116. | പോസ്റ്റ്മാസ്റ്റർ ഓഫീസ് ഗുരുവായൂർ | ശങ്കരൻ കെ.ടി | 107058 | 1000 | 750 | 250 |
| ആകെ | | | | | | 26760/- |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി കുറവായി ഈടാക്കിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.28, തീയതി.03.04.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽനികുതി ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം തൊഴിൽനികുതി കൃത്യമായി ഈടാക്കാത്തത് നഗരസഭയുടെ തനത് വരുമാനത്തെ ബാധിക്കും എന്നതിനാൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധവെച്ച് പുലർത്തേണ്ടതാണ്.

## 1-15 തൊഴിൽനികുതി സമയബന്ധിതമായി ഈടാക്കുന്നില്ല

ഗുരുവായൂർ നഗരസഭയുടെ പ്രധാന ഓഫീസിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | എസ്.ആർ.എം റെസിഡൻസി | I & II |
| 2. | ഗുരുവായൂർ വ്യാപാരി വ്യവസായ സഹകരണ സംഘം | I & II |
| 3. | CDS ഗുരുവായൂർ നഗരസഭ | II |
| 4. | KTDC ടാമറിൻഡ് | II |
| 5. | നെമ്മിനി ടൂറിസ്റ്റ്സ് | I |
| 6. | ജെ.എൽ അസോസിയേറ്റ്സ് | II |
| 7. | തിരുവെങ്കിടാചലം ക്ഷേത്രം ദേവസ്വം | I & II |
| 8. | കേരള ഹാർഡ്‌വെയർ | I |
| 9. | ശ്രീഗുരുവായൂരപ്പൻ ഇന്ത്യൻ സെർവീസസ് | I & II |
| 10. | ഗാലക്സി ബേക്കറി | II |
| 11. | കൃഷ്ണ ജ്വല്ലറി | I & II |
| 12. | ഗോകുൽ ഫ്യുവൽസ് | I & II |

| | | |
|---|---|---|
| 13. | മലീസിയോൻ ടവർ | I & II |
| 14. | പി.എം ലോഡ്ജ് | I |
| 15. | കനിഷ്ക ഹോട്ടൽ | II |
| 16. | മുത്തൂറ്റ് മിനി ഫിനാൻസ് | I & II |
| 17. | കാനറാ ബാങ്ക് (XIX) | I & II |
| 18. | ആരോഗ്യനികേതൻ | I & II |
| 19. | മനാഫ് സ്റ്റോഴ്സ് | I |
| 20. | പിഷാരടി സമാജം | I & II |
| 21. | ഹൊറൈസൺ ഇന്റർനാഷണൽ | I |
| 22. | നവനീതം റസ്റ്ററന്റ് | I & II |
| 23. | ആതുരശ്രമം വർക്കിംഗ് വുമൺസ് ഹോസ്റ്റൽ | I & II |
| 24. | SFS | I & II |
| 25. | ജയാനന്ദൻ ലോഡ്ജ് | I & II |
| 26. | ഉഷ ലോഡ്ജ് | I & II |
| 27. | സാഗർ ടൂറിസ്റ്റ് ഹോം | I & II |
| 28. | കൃഷ്ണകൃപ ടൂറിസ്റ്റ് ഹോം | I & II |
| 29. | ഗോവിന്ദ് റീജൻസി | I & II |
| 30. | ശ്രീപതി അസോസിയേറ്റ്സ് | I & II |
| 31. | അയോദ്ധ്യ ലോഡ്ജ് | I & II |
| 32. | ന്യൂ ടിച്ചൂർ കുറീസ് | I & II |

മേൽപട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.48, തീയതി.05.04.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽനികുതി ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

II. പൂക്കോട് സോണൽ ഓഫീസിലെ തൊഴിൽനികുതി അപാകതകൾ

ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ സബ് ഡിവിഷനായി പ്രവർത്തിക്കുന്ന പൂക്കോട് സോണൽ ഓഫീസിലെ 2021-22 വർഷത്തെ ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററും, ട്രേഡേഴ്സിന്റെ തൊഴിൽനികുതി രജിസ്റ്ററും പരിശോധിച്ചുപ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | മാനേജർ സൺഫീസ്റ്റ് ഫുഡ് | I & II |
| 2. | മാവേലി സ്റ്റോർ | I |
| 3. | പേരകം കള്ള് ഷാപ്പ് | I |
| 4. | പുന്നത്തൂർ കള്ള് ഷാപ്പ് | I & II |
| 5. | മല്ലാട് കള്ള് ഷാപ്പ് | I & II |
| 6. | കാവീട് കള്ള് ഷാപ്പ് | I |
| 7. | തമ്പുരാൻപടി കള്ള് ഷാപ്പ് | II |

| | | |
|---|---|---|
| 8. | കിണറ്റിങ്കൽ കള്ള് ഷാപ്പ് | I & II |
| 9. | ചാട്ടുകുളം കള്ള് ഷാപ്പ് | I & II |
| 10. | ഇരിങ്ങപ്പുറം കള്ളുഷാപ്പ് | I |

മേൽപട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.22, തീയതി.01.04.2023 ) ക്രമ നം.1&2 ലെ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, ക്രമ നം. 4 മുതൽ 10 വരെയുള്ള കള്ള്ഷാപ്പുകൾ 2021-22 രണ്ടാം അർദ്ധവർഷം മുതലാണ് പ്രവർത്തനമാരംഭിച്ചതെന്നും ആയതിൽ ക്രമ നം.4,5,7,8,9 കള്ളുഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകളൊന്നുംതന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടായിരുന്നില്ല. ആയതിനാൽ ക്രമ നം. 1 & 2 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ് കൂടാതെ ക്രമം നം.4 മുതൽ 10 വരെയുള്ള കള്ളുഷാപ്പുകൾ 2021-22 മുതൽ പ്രവർത്തനമാരംഭിച്ചതിന്റെ രേഖകളും, ക്രമ നം.4,5,7,8,9 കള്ളുഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 വസ്തുനികുതി ഈടാക്കുന്നതിലെ അപാകതകൾ

മുനിസിപ്പാലിറ്റിയിൽ വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

| ക്രമ നം. | ഇനം | നിരക്ക്(രൂപ/ച.മീ) |
|---|---|---|
| 1. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടം | 60 |
| 2. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ന മുകളിലുള്ള കെട്ടിടം | 80 |

സഞ്ചയ പരിശോധിച്ചപ്പോൾ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി കുറവായി ഈടാക്കി വരുന്നുണ്ട്. താഴെ പറയുന്ന കെട്ടിടങ്ങളെല്ലാം 100 ച.മീ ന മുകളിലുള്ള കെട്ടിടങ്ങളാണ് എന്നിരിക്കെ ഇവയെ 100 ച.മീ വരെ തറ വിസ്തീർണം ഉള്ള കെട്ടിടമായി പരിഗണിച്ചാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ.കെ.എ പത്മകുമാറിന്റെ ഉടമസ്ഥയിലുള്ള 14/607A നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 110.61 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 6636.6 |
| ഇളവുകൾ(0%) | 0 |
| വർദ്ധന (30%) | 1990.98 |
| വാർഷിക വസ്തു നികുതി | 9060 |
| ലൈബ്രറി സെസ്സ് | 453 |
| സർവീസ് ചാർജ്ജ് | 906 |
| ആകെ നികുതി തുക | 10419/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, |
|---|

| റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 110.61 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 8848.8 |
| ഇളവുകൾ(0%) | 0 |
| വർദ്ധന(30%) | 2656.64 |
| വാർഷിക വസ്തു നികുതി | 11506 |
| ലൈബ്രറി സെസ്സ് | 576 |
| സർവീസ് ചാർജ്ജ് | 1152 |
| ആകെ നികുതി തുക | 13234 രൂപ |
| കുടിശ്ശിക(2017-18ഒന്നാം പാദം മുതൽ ) | 2815*5=14075 |

2. ശ്രീ.പ്രേമന്റെ ഉടമസ്ഥയിലുള്ള 20/228/1 നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 151.6 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 9096 |
| ഇളവുകൾ(30%) | 2728.8 |
| വർദ്ധന (0%) | 0 |
| വാർഷിക വസ്തു നികുതി | 6687 |
| ലൈബ്രറി സെസ്സ് | 335 |
| സർവീസ് ചാർജ്ജ് | 669 |
| ആകെ നികുതി തുക | 7961/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 151.6 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 12128 |
| ഇളവുകൾ(30%) | 3638.4 |
| വർദ്ധന(0%) | 0 |
| വാർഷിക വസ്തു നികുതി | 8490 |
| ലൈബ്രറി സെസ്സ് | 425 |
| സർവീസ് ചാർജ്ജ് | 850 |
| ആകെ നികുതി തുക | 9765 രൂപ |
| കുടിശ്ശിക(2015-16ഒന്നാം പാദം മുതൽ ) | 1804*7=12628 |

3.ശ്രീ. പുഷ്പാഗദൻ എം.ഡി യുടെ ഉടമസ്ഥയിലുള്ള 22/451/2 നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 196.88 M2 |

| | |
|---|---|
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 11812.8 |
| ഇളവുകൾ(20%) | 2362.56 |
| വർദ്ധന (0%) | 0 |
| വാർഷിക വസ്തു നികുതി | 9924 |
| ലൈബ്രറി സെസ്സ് | 497 |
| സർവീസ് ചാർജ്ജ് | 993 |
| ആകെ നികുതി തുക | 11414/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 196.88 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 15750.4 |
| ഇളവുകൾ(20%) | 3150.08 |
| വർദ്ധന(0%) | 0 |
| വാർഷിക വസ്തു നികുതി | 12601 |
| ലൈബ്രറി സെസ്സ് | 630.05 |
| സർവീസ് ചാർജ്ജ് | 1260 |
| ആകെ നികുതി തുക | 14491 രൂപ |
| കുടിശ്ശിക(2016-17ഒന്നാം പാദം മുതൽ ) | 3077*6=18462 |

4. ശ്രീ.അബ്ദുൽ മജീദ് കെ.കെ യുടെ ഉടമസ്ഥയിലുള്ള 23/12200 നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 120 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 7200 |
| ഇളവുകൾ(10%) | 720 |
| വർദ്ധന (20%) | 1440 |
| വാർഷിക വസ്തു നികുതി | 7920 |
| ലൈബ്രറി സെസ്സ് | 396 |
| സർവീസ് ചാർജ്ജ് | 792 |
| ആകെ നികുതി തുക | 9108/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 120 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 9600 |
| ഇളവുകൾ(10%) | 960 |

| | |
|---|---|
| വർദ്ധന(20%) | 1920 |
| വാർഷിക വസ്തു നികുതി | 10560 |
| ലൈബ്രറി സെസ്സ് | 528 |
| സർവീസ് ചാർജ്ജ് | 1056 |
| ആകെ നികുതി തുക | 12144 രൂപ |
| കുടിശ്ശിക(2016-17ഒന്നാം പാദം മുതൽ ) | 3036*6=18216 |

5. ശ്രീമതി ആനി മാത്യുവിന്റെ ഉടമസ്ഥയിലുള്ള 24/330/2 നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 149.34 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 8960.4 |
| ഇളവുകൾ(30%) | 2688.12 |
| വർദ്ധന (20%) | 1792.08 |
| വാർഷിക വസ്തു നികുതി | 8469 |
| ലൈബ്രറി സെസ്സ് | 424 |
| സർവീസ് ചാർജ്ജ് | 847 |
| ആകെ നികുതി തുക | 9740/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 149.34 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 11947.2 |
| ഇളവുകൾ(30%) | 3584.16 |
| വർദ്ധന(20%) | 2389.44 |
| വാർഷിക വസ്തു നികുതി | 10753 |
| ലൈബ്രറി സെസ്സ് | 538 |
| സർവീസ് ചാർജ്ജ് | 1076 |
| ആകെ നികുതി തുക | 12367 രൂപ |
| കുടിശ്ശിക(2016-17ഒന്നാം പാദം മുതൽ ) | 2627*6=15762 |

6. ശ്രീ. ജോസ് സി.കെ യുടെ ഉടമസ്ഥയിലുള്ള 25/693/11 നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 184 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 11040 |
| ഇളവുകൾ(0%) | 0 |
| വർദ്ധന (30%) | 3312 |
| വാർഷിക വസ്തു നികുതി | 15070 |

| | |
|---|---|
| ലൈബ്രറി സെസ്സ് | 754 |
| സർവീസ് ചാർജ്ജ് | 1507 |
| ആകെ നികുതി തുക | 17331/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 184 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 14720 |
| ഇളവുകൾ(0%) | 0 |
| വർദ്ധന(30%) | 4416 |
| വാർഷിക വസ്തു നികുതി | 19136 |
| ലൈബ്രറി സെസ്സ് | 957 |
| സർവീസ് ചാർജ്ജ് | 1914 |
| ആകെ നികുതി തുക | 22007 രൂപ |
| കുടിശ്ശിക(2016-17ഒന്നാം പാദം മുതൽ ) | 4676*6=28056 |

7. ശ്രീ. പി.എം ബദറുദീൻ & സഫിയയുടെ ഉടമസ്ഥയിലുള്ള 26/408 നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 134.73 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 8083.8 |
| ഇളവുകൾ(10%) | 808.38 |
| വർദ്ധന (30%) | 2425.14 |
| വാർഷിക വസ്തു നികുതി | 9677 |
| ലൈബ്രറി സെസ്സ് | 484 |
| സർവീസ് ചാർജ്ജ് | 968 |
| ആകെ നികുതി തുക | 11129/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 134.73 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 10778.4 |
| ഇളവുകൾ(10%) | 1078 |
| വർദ്ധന(30%) | 3234 |
| വാർഷിക വസ്തു നികുതി | 12935 |
| ലൈബ്രറി സെസ്സ് | 647 |
| സർവീസ് ചാർജ്ജ് | 1294 |
| ആകെ നികുതി തുക | 14876 രൂപ |

| | |
|---|---|
| കുടിശ്ശിക(2016-17ഒന്നാം പാദം മുതൽ ) | 3747*6=22482 |

8. ശ്രീ. നന്ദകുമാറിന്റെ ഉടമസ്ഥതയിലുള്ള 34/381 നമ്പർ കെട്ടിടം

| നിലവിൽ ഈടാക്കിയത്- വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 173.52 M2 |
| അടിസ്ഥാന നികുതി | 60 |
| അടിസ്ഥാന വസ്തു നികുതി | 10411.2 |
| ഇളവുകൾ(20%) | 2082.24 |
| വർദ്ധന (00%) | 0 |
| വാർഷിക വസ്തു നികുതി | 8746 |
| ലൈബ്രറി സെസ്സ് | 438 |
| സർവീസ് ചാർജ്ജ് | 875 |
| ആകെ നികുതി തുക | 10059/- രൂപ |

| ഈടാക്കേണ്ടിയിരുന്നത് - വാണിജ്യാവശ്യത്തിനുള്ളവ 100 ച മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ,ഷോപ്പുകൾ, ഗോഡൗൺ | |
|---|---|
| വിസ്തീർണ്ണം | 173.52 M2 |
| അടിസ്ഥാന നികുതി | 80 |
| അടിസ്ഥാന വസ്തു നികുതി | 13882 |
| ഇളവുകൾ(20%) | 2776 |
| വർദ്ധന(0%) | 0 |
| വാർഷിക വസ്തു നികുതി | 11106 |
| ലൈബ്രറി സെസ്സ് | 556 |
| സർവീസ് ചാർജ്ജ് | 1111 |
| ആകെ നികുതി തുക | 12773 രൂപ |
| കുടിശ്ശിക(2018-19ഒന്നാം പാദം മുതൽ ) | 2714*4=10856 |

മേൽ പറഞ്ഞ അപാകതകൾ മൂലം വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ ആകെ നികുതിയിൽ ഒരു വർഷം 24,496/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടങ്ങൾക്ക് വസ്തുനികുതി കുടിശ്ശികയിൽ 1,40,537/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിനും ഭീമമായ വരവ് നഷ്ടം സംഭവിച്ചതിനും മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.49, തീയതി.17.04.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ സംഭവിച്ച അപാകതകൾ പരിഹരിക്കുന്നതിനായി സഞ്ചയയിൽ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-17 വസ്തുനികുതി ഈടാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്

വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഗുരുവായൂർ നഗരസഭക്ക് ചുവടെ പറയും പ്രകാരം വസ്തുനികുതി കുടിശ്ശികയിനത്തിൽ തുക ലഭിക്കേണ്ടതായിട്ടുണ്ട്. ആയത് പ്രകാരം കുടിശ്ശിക ഇനത്തിൽ ഭീമമായ തുക പിരിച്ചെടുക്കേണ്ടതുണ്ട്. വസ്തുനികുതി എന്നത് നഗരസഭയുടെ തനതുവരുമാനമാണ് എന്നിരിക്കെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തത് വരുമാനനഷ്ടം വരുത്തുമെന്നതിനാൽ വസ്തുനികുതി കാലതാമസമില്ലാതെ പിരിച്ചെടുക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

| ഹെഡ് കോഡ് | ഇനം | തുക |
|---|---|---|
| 431100100 | Receivables In Property Tax (തനത് വർഷം ) | 13785262 |
| 431100200 | Receivables In Property Tax (കുടിശ്ശിക) | 17309120 |
| ആകെ | | 31,094,382 |

## 1-18 ലേലം അപാകങ്ങൾ

1) ആർ 3-20241/18 – ഗുരുവായൂർ നഗരസഭ വക കമ്മ്യൂണിറ്റി ലാടിൻ 2019-20 വർഷം ലേലത്തിന് ഏറ്റെടുത്തിരുന്ന ശ്രീ കുഞ്ഞൻ ടി.വി. തലേക്കര ഹൗസ് എന്നവർ ലേലത്തുക മുഴുവൻ 2020-21 വർഷാവസാനം വരെ അടച്ചു തീർത്തിട്ടില്ലാത്തതാണ് .
2020 മാർച്ച് മാസം ടിയാൻ അടവാക്കാനുള്ള തുക ചുവടെ ചേർക്കുന്നു.
A) ലേലത്തുക : 1,75,000/-
CGST : 15750/-
SGST : 15750/-
F/c : 1750/- + Fine
B) കമ്മ്യൂണിറ്റി ലാടിന്റെ ഇലക്ട്രിസിറ്റി ബിൽ (കൺസ്യൂമർ നമ്പർ 1156973000914) – 27,838/-
ടിയാളുടെ അപേക്ഷയിൻമേൽ 2020 മാർച്ച് മാസം ലോക്ക് ഡൗൺ മൂലം വാടകയിളവ് അനുവദിക്കുന്നതിന് 30.4.2021 ലെ നഗരസഭ കൗൺസിൽ തീരുമാനം നമ്പർ 27 പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. തുക പൂർണമായും ഇളവ് നൽകിയിട്ടുണ്ടോ, ശ്രീ കുഞ്ഞൻ ടി.വി.യിൽ നിന്ന് നഗരസഭ ഈടാക്കിയ ലേല തുക എത്രയാണെന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/04.04.2023) മറുപടി ലഭ്യമാക്കിയില്ല.
2) R3-5207/20 – ഗുരുവായൂർ നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെക്കൊടുത്തിരിക്കുന്ന പാർക്കിംഗ് ഗ്രൗണ്ടുകളിൽ നിന്നും വാഹനപാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 2020-21 വർഷത്തേക്ക് ലിമിറ്റഡ് ടെൻഡർ വഴി കൂടുതൽ നിരക്ക് OAMA Parking Solutions എന്ന സ്ഥാപനം രേഖപ്പെടുത്തിയിരുന്നു.

- കിഴക്കേനട അമ്പാടി ടൂറിസ്റ്റ് പാർക്ക് ഗ്രൗണ്ട്
- സാഗർ ടൂറിസ്റ്റ് ഹോമിന് അടുത്തുള്ള ഗ്രൗണ്ട്
- കിഴക്കേ നടയിലെ സത്യഗ്രഹ സ്മാരക എ.കെ.ജി. കവാടത്തിന് അടുത്തുള്ള ഗ്രൗണ്ട്

ടി സ്ഥാപനം ലേലം ഏറ്റെടുക്കാത്തതിനാൽ ടി സ്ഥാപനത്തിന്റെ ലേലം ടി സ്ഥാപനത്തിന്റെ നഷ്ടോത്തരവാദിത്തത്തിൽ റദ്ദ് ചെയ്യുന്നതിന് 30.04.2021 ലെ നഗരസഭ കൗൺസിലിന്റെ തീരുമാനം നമ്പർ 36 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും തുക വസൂലാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിവരം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (42/04.04.2023) മറുപടി ലഭ്യമാക്കിയില്ല.
മേൽ വിഷയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും നഗരസഭയ്ക്ക് ലഭ്യമാകേണ്ട വരവിനങ്ങളിലെ തുകകൾ നഷ്ടമായിട്ടില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

## 1-19 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് അപാകങ്ങൾ

2021-22 വർഷത്തെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉള്ള ലൈസൻസ് രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് തുക അടവാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം നടത്തുന്ന ആളുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | XVIII/592 | രഘുനാഥ് പി. | ഫാൻസി ഷോപ്പ് |
| 2 | XVIII/599 | എ ബാലകൃഷ്ണൻ നായർ | രാജാ സ്റ്റോർ |

| | | | |
|---|---|---|---|
| 3 | XVIII/602 | സഹദേവ് റാവു | കൃഷ്ണേന്ദു കാസറ്റ്സ് |
| 4 | XVIII/620 | ബാബുരാജ് പി | കൃഷ്ണേന്ദു ഫാൻസി |
| 5 | XVIII/650 | ബലറാം പി എൻ | അമൃത ടൂറിസ്റ്റ് ഹോം |
| 6 | XVIII/TS7 | പ്രസിഡന്റ് മണപ്പുറം സ്പിന്നേഴ്സ് | ഖാദി ഗ്രാമോദ്യോക് ഭവൻ |
| 7 | XVIII/TS9 | പത്മിനി | ശ്രീ മഹാലക്ഷ്മി നിവാസ് |
| 8 | XVIII/TB1 | ടി ഉണ്ണികൃഷ്ണൻ നായർ | ദേവിക ആർട്ട് ആൻഡ് ഫാൻസി |
| 9 | XVIII/TB6 | രഞ്ജിത്ത് വി ബി | ഗുരുവായൂർ ഫാൻസി |
| 10 | XVIII/TB7 | നാരായണ പണിക്കർ കെ | ശ്രീനാരായണ ബുക്ക് സ്റ്റോൾ |
| 11 | XVIII/710 | വേണുഗോപാലൻ എൻ | കൗസ്തുഭം ഹോട്ടൽ |
| 12 | XVIII/720 | ഷാജൻ എം ജെ | അപ്സര സിൽക്സ് ആൻഡ് സാരീസ് |
| 13 | XVIII/749 | ശ്രീഹരി പി എം | ഫോട്ടോസ്റ്റാറ്റ് ഫാക്സ് കമ്പ്യൂട്ടർ സെന്റർ (ആമസോൺ) |
| 14 | XVIII/811 | പ്രവീൺ പ്രേംകുമാർ | ട്രാവൽ ഏജൻസി |
| 15 | XVIII/828 | സലീഷ്കുമാർ കെ പി | ടീ സ്റ്റോൾ |
| 16 | XVIII/834 | രമണി കെ | എസ് എൻ എ ഔഷധ ശാല |
| 17 | XVIII/836 | സുധീഷ് കുമാർ കെ എസ് | മീര ടീ സ്റ്റോൾ |
| 18 | XVIII/838 | റഷീദ് എം എ ശ്രീലക്ഷ്മി | ടീ സ്റ്റോൾ |
| 19 | XVIII/843 | ചന്ദ്രൻ എം ആർ | ഫോട്ടോസ്റ്റാറ്റ് 'സിവിക് അമനറ്റീസ്' |
| 20 | XVIII/859 | നിമിത ഇ എസ് | ഫോട്ടോസ്റ്റാറ്റ് കമ്പ്യൂട്ടർ |
| 21 | XVIII/867 | മധുസൂദനൻ പി കെ | സ്റ്റേഷനറി |
| 22 | XVIII/876 | വത്സല വി വി | ടീ സ്റ്റോൾ |
| 23 | XVIII/890 | ഫൈസൽ പി വി | സ്പോർട്സ് ഗുഡ്സ് |
| 24 | XVIII/943 | രാധാചന്ദ്ര | സ്റ്റൈൽ ആൻഡ് ഫാഷൻ റെഡിമെയ്ഡ്സ് |
| 25 | XVIII/944 | കെ ശബരിവാസൻ | പാർസൽ സർവീസ് |
| 26 | XVIII/990(A) | അനിൽകുമാർ പി | ശ്രീകൃഷ്ണ സ്റ്റോർ |
| 27 | XVIII/1195 | കേശവ ചന്ദ്ര | ശ്രീദീപം ഫാൻസി |
| 28 | XVIII/1256(5) | അരവിന്ദാക്ഷൻ | ഹോട്ടൽ സൗപർണിക |
| 29 | XVIII/1258(5) | റാം കിഷോർ പി | സൗപർണിക ഹോട്ടൽ |
| 30 | XVIII/1258(6) | കെ ശിവരാമൻ | ആവന്തി ഇൻ |
| 31 | XVIII/1360 | എം കെ നാരായണൻ നമ്പൂതിരി | ശ്രീജ ലോഡ്ജ് |
| 32 | XVIII/1369 | വേണുഗോപാൽ പി | ലഭ്യമല്ല |

| | | | |
|---|---|---|---|
| 33 | XVIII/1380 | മുരളീധരൻ പി എ | ജയലക്ഷ്മി ഹോട്ടൽ |
| 34 | XVIII/1384 | മോഹൻകുമാർ എം ടി | ശ്രീമോഹൻ പൂജ സ്റ്റോർ |
| 35 | XVIII/1389, 1390 | ഹംസ | കാവേരി ടൂറിസ്റ്റ് ഹോം |
| 36 | XVIII/1395 | ദാസപ്പൻ പി | അമ്പിളി സ്റ്റോർസ് |
| 37 | XVIII/1420 | ബിബിത ഇ | വിഷ്ണു സ്റ്റോഴ്സ് |
| 38 | XVIII/1483 | സേതുമാധവൻ കെ കെ | ഫാൻസി സ്റ്റോർസ് |
| 39 | XVIII/1532(1) | പ്രദീപ് കെപി | ലഭ്യമല്ല |
| 40 | V/141 | ദിനേശൻ ഇ ബി | സ്റ്റേഷനറി ആൻഡ് വെജിറ്റബിൾസ് |
| 41 | V/462 | സന്തോഷ് കുമാർ ടിവി | ഫോട്ടോസ്റ്റാറ്റ് ആൻഡ് സ്റ്റേഷനറി |
| 42 | V/464 | സൈമൺ സി കെ | ലഭ്യമല്ല |
| 43 | V/475 | മുഹമ്മദ് ഇല്യാസ് | സ്റ്റോക്ക് ആൻഡ് സെയിൽ ഗാർമെന്റ്സ് |
| 44 | V/532 | റെജിൻസ് പി തോമസ് | ഡിറ്റിപി അഡ്വൈസിങ് ആൻഡ് പ്രിന്റിംഗ് |
| 45 | XXVI/2 | ലിംസൺ വി ഐ | എൽ എം എന്റർപ്രൈസസ് |
| 46 | XXVI/ 14 | മുഹമ്മദ് അലി | ലഭ്യമല്ല |
| 47 | XXVII/11 | രാജൻ പി | ടീ സ്റ്റോൾ |
| 48 | XXVII/310 | ശാരദ അയ്യപ്പൻ | ലഭ്യമല്ല |
| 49 | XXVII/311 | ഫ്രാൻസിസ് എം എൽ | ലഭ്യമല്ല |
| 50 | XXVII/636/1 | കൃഷ്ണകുമാർ പി എൻ | ലോഡ്ജ് |
| 51 | XXVII/636/3 | കൃഷ്ണകുമാർ പി എൻ | ആയുർവേദിക് ക്ലിനിക് |
| 52 | XXVII/658,659 | ഡോ. ഷഹീൻ ഖലീദ് | ലഭ്യമല്ല |
| 53 | XIV/622 | സി എം മുഹമ്മദ് | നാഷണൽ പാരഡൈസ് റസ്റ്റോറന്റ് |
| 54 | XIV/357 | നടരാജൻ പി ആർ | ജികെ ഫുഡ്സ് |
| 55 | XIV/359,360 | സുരേഷ് ബാബു എം എസ് | ആപ്ടെക് കമ്പ്യൂട്ടർ എഡ്യൂക്കേഷൻ |
| 56 | XIV/356 | പ്രേമാനന്ദ് പി എൻ | ഹോട്ടൽ പാലസ് |
| 57 | XIV/245(5) | പ്രമോദ് കെ വി | വെജിറ്റബിൾ ഷോപ്പ് |
| 58 | XIV/26 | ജയ്സൺ വി എൽ | കാർത്തിക യോബൈക്ക് |
| 59 | XIV/27 | ലൂയിസ് വി ജി | ഹായ് ചിക്കൻ സെന്റർ |
| 60 | XIV/28 | നൃൂലി | അൽഫോൻസ ഫാൻസി ഫുഡ് |
| 61 | XV/232 | ശ്രീനാഥ് പൈ | മൊബൈൽ ഫോൺ റിപ്പയറിങ് |
| 62 | XV/237 | ശശിധരൻ പി.കെ. | സ്റ്റൈലൈൻ |
| 63 | XV/424(1) | അലി പി | സ്റ്റീൽ,അയൺ സ്ക്രാപ്പ് |
| 64 | XV/463 | അജയ് പി എസ് | ഫാൻസി ഗിഫ്റ്റ് ഹൗസ് |
| 65 | XVII/263, 264,265 | ജിതിൻ എം ഡി | ഫോട്ടോസ്റ്റാറ്റ് ഡിടിപി |

| | | | |
|---|---|---|---|
| 66 | XVII/370 | വസന്തകുമാരൻ പിള്ള | ലോഡ്ജ് കൃഷ്ണ ഗാർഡൻസ് |
| 67 | XVII/371 | വസന്തകുമാരൻ പിള്ള | ലോഡ്ജ് കൃഷ്ണഗാർഡൻസ് |
| 68 | XVII/372 | ഗൗതം രാമദേവൻ | ലോഡ്ജ് കൃഷ്ണഗാർഡൻസ് |
| 69 | XVII/380 | മനോജ് കുമാർ പരിയാനി | ലോഡ്ജ് കൃഷ്ണഗാർഡൻസ് |
| 70 | XVII/ | 390-പ്രസന്ന കൃഷ്ണകുമാർ | ലോഡ്ജ് |
| 71 | XVII/398,399 | അരവിന്ദാക്ഷ മേനോൻ | ലോഡ്ജ് |
| 72 | XVII/403 | ഹരിലാൽ കുഞ്ഞിരാമൻ പിള്ള | ലോഡ്ജ് |
| 73 | XVII/410 | ഗീതാ ഹരികൃഷ്ണൻ | ലോഡ്ജ് |
| 74 | XVII/411 | രേഷ്മ ഹരികൃഷ്ണൻ | ലോഡ്ജ് |
| 75 | XVII/412 | സുശീൽ നായർ | ലോഡ്ജ് |
| 76 | XVII/472 | കാമ്പിൽ മേച്ചേരി സുക്ഷമ | ലോഡ്ജ് |
| 77 | XVII/474, 475 | ജയപ്രകാശ് നാരായണമേനോൻ | ലോഡ്ജ് |
| 78 | XVII/478 | സുബ്രഹ്മണ്യൻ വി വി | ലോഡ്ജ് |
| 79 | XVII/480 | രാകേഷ്കുമാർ | ലോഡ്ജ് |
| 80 | XVII/482 | സന്ദീപ് ജനാർദ്ദനൻ ആചാരി | ലോഡ്ജ് |
| 81 | XVII/484 | കോളരി കാർത്തികേയൻ | ലോഡ്ജ് |
| 82 | XVII/489 | രശ്മി രാജൻ മേനോൻ | ലോഡ്ജ് |
| 83 | XVII/490 | രാജശ്രീ രാജൻ | ലോഡ്ജ് |
| 84 | XVII/493 | എം വിജയചന്ദ്രൻ | ലോഡ്ജ് |
| 85 | XVII/499 | ശ്രീലത വിജയകുമാർ | ലോഡ്ജ് |
| 86 | XVII/500 | നന്ദകുമാർ മേനോൻ | ലോഡ്ജ് |
| 87 | XVII/507, 508 | ഗിരീഷ് വൈകുണ്ഠപുര | ലോഡ്ജ് |
| 88 | XXXI/23(2) | ധന്യ രാജീവ് | ഫ്ലോർമിൽ |
| 89 | XXXI/115(6) | ഓമന രാധാകൃഷ്ണൻ | ടയർ ആൻഡ് ടയർ വർക്ക്സ് |
| 90 | XXXI/372,373 | ആനി ജോസ് | ഫ്രെയ്ംസ് ഡിജിറ്റൽ സ്റ്റുഡിയോ |
| 91 | XII/367 | ചന്ദ്രൻ പെരിങ്ങോട്ട് | നന്ദ പെയിന്റ്സ് |
| 92 | XIII/514 | ചന്ദ്രൻ ടി സി | സി വി സ്റ്റോർസ് |
| 93 | XXIII/142, 143 | അസീം ബീരാവ് | കെ കെ ബി വെജിറ്റബിൾസ് |

തൈക്കാട് സോണൽ

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം നടത്തുന്ന ആളുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | XX/144 | ഗിരീഷ് സി എസ് | പൊല്യൂഷൻ ടെസ്റ്റിംഗ് |

| | | | |
|---|---|---|---|
| | | | സെന്റർ |
| 2 | XXI/357(1) | ഇന്ദിരാ സുബ്രഹ്മണ്യൻ | മിനറൽ വാട്ടർ |
| 3 | VI/5 | വർഗീസ് ജോസ് എൻജിനീയറിങ് | വർക്ക്ഷോപ്പ് |
| 4 | VI/409 | എം കെ സുധീർ | ഫ്ലോർമിൽ |
| 5 | VIII/418(1) | സാബിറ മുജീബ് | സൂപ്പർ മാർക്കറ്റ് |
| 6 | VIII/418(2) | സാബിറ മുജീബ് | മീറ്റ് |
| 7 | IX/179 | രമ്യ മനോജ് എം എസ് | പാം പ്ലേറ്റ് പ്രോഡക്ട്സ് |
| 8 | XI/336(2) | അരുൺരാജ് | പെയിന്റ് ശേഖരണം വിൽപ്പന |

പൂക്കോട് സോണൽ

| ക്രമ നം. | കെട്ടിട നം. | സ്ഥാപനം നടത്തുന്ന ആളുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | IV/ 137(1) | ശശി ചുങ്കത്ത് | ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ് |
| 2 | I/7(9) | ഷാജു അശോകൻ | ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് (സ്റ്റോക്ക് ആൻഡ് സെയിൽ) |
| 3 | I/7(13,14) | അബ്ദുൾ സലാം | മിറാഷ് ടൂർസ് ആൻഡ് ട്രാവൽസ് |
| 4 | II/470 | അക്ബർ അബ്ദു വാലിയിൽ | സ്റ്റൗ ആക്സസറീസ് ആൻഡ് സർവീസ് |
| 5 | III/250,251 | മജീദ് സിഎം | അലൂമിനിയം ഫാബ്രിക്കേഷൻ വർക്ക് |
| 6 | III/543 | മാണി വേലായുധൻ | ക്ലൗഡ്സ് കളക്ഷൻ ഫാൻസി ഷോപ്പ് |
| 7 | 43/181(1) | രാജൻ പി | വുഡ് വർക്ക്സ് |

ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് നിയമാനുസൃതമല്ല. ലൈസൻസ് തുക ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.37/04.04.2023).

## 1-20 പാരാമെഡിക്കൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെക്കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2021-22 വർഷം പരാമെഡിക്കൽ ലൈസൻസ് എടുത്തിട്ടില്ല എന്ന് കാണുന്നു.

1. റോജിൻ വി ജെ – ജ്യോതിസ് ഹോമിയോ ക്ലിനിക് – XVIII/13
2. രാമകൃഷ്ണൻ എം. – ആയുർവേദിക് ക്ലിനിക് – XIX/463
3. ഡോ. ഹരി ഭാസ്കർ – ഡെന്റൽ ക്ലിനിക് – XVIII/11
4. സുരേഷ് കെ ബി – വിജയ് ലബോറട്ടറീസ് മെഡിക്കൽ ലാബ് – XVIII/14,15
5. ഡോ. സജീവ് ടി ആർ -ഡെന്റൽ ക്ലിനിക് മോസസ് – XVIII/927
6. ഡോ. വി വി മാധവൻ – പ്രീത ദന്തൽ ക്ലിനിക് – XVIII/963
7. ഡോ. പി യു ബിജോയ് – പ്രാർത്ഥന ദന്തൽ ക്ലിനിക് -XIX/311(6)
8. ജോജിത്ത് സജീവ് – മോസസ് മെഡിക്കൽ ലബോറട്ടറി – XIX/345 (5),(5(1))
9. ഡോ. മായ നാരായണൻ – ആയുർവേദ ചികിത്സാലയം – XXV/632
10. ഡോ. എ ആർ കൃഷ്ണനുണ്ണി - ഡോക്ടർ എ ആർ കൃഷ്ണനുണ്ണി ക്ലിനിക് – XXV/693
11. ഡോ. ബാസ്റ്റിൻ വർക്കി – ഡെന്റൽ ക്ലിനിക് – XXV/707

തൈക്കാട് സോണൽ

1. ഫാ. ചാക്കോ ചെറുവാ – മെഡിക്കൽ ലാബ് സെന്റ് തോമസ് ലബോറട്ടറി – XXIV/156
2. ഡോ. അമ്മിണി എസ് – ആയുർവേദ ക്ലിനിക് – VI/271(1)
3. സജീബ് കെ വി – ആയുർവേദ ആശുപത്രി – IX/31 (1) (3)
4. ഡോ. രേവതി ചന്ദ്രൻ – ഡോ. രേവതീസ് ഡെന്റൽ ക്ലിനിക് – XI/336(7)(8)

പാരാമെഡിക്കൽ ലൈസൻസ് എടുക്കാതെ മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 27/03.04.2023)

## 1-21 സ്വകാര്യ വണ്ടിത്താവളത്തിനുള്ള ലൈസൻസ് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 475 വകുപ്പനുസരിച്ച് മുനിസിപ്പാലിറ്റിയിൽ നിന്നുള്ള ഒരു ലൈസൻസ് കൂടാതെ യാതൊരാളും വണ്ടിത്താവളങ്ങൾ തുറക്കുകയോ, സ്വകാര്യ വണ്ടിത്താവളം തുറന്നു വയ്ക്കുന്നത് തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. ചട്ടം 475(5) വകുപ്പ് പ്രകാരം നല്കപ്പെട്ട ഏതൊരു ലൈസൻസിനും പ്രതിവർഷം [മൂവായിരം രൂപയിൽ] കവിയാത്ത ഫീസ് മുനിസിപ്പാലിറ്റിക്ക് വസൂലാക്കാവുന്നതാണ്.

താഴെക്കൊടുത്തിരിക്കുന്ന ഗ്രൗണ്ടുകൾ സ്വകാര്യ വണ്ടിത്താവളത്തിനുള്ള ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.40/04.04.2023) നല്കിയിരുന്നു.

1. വേണുഗോപാൽ ലോഡ്ജ് പാർക്കിംഗ് ഗ്രൗണ്ട്
2. കൗസ്തുഭം റെസ്റ്റ് ഹൗസ്
3. പാഞ്ചജന്യം അനക്സ് പാർക്കിംഗ് ഗ്രൗണ്ട് തെക്കേനട

ടി ഗ്രൗണ്ടുകൾ നിലവിൽ സ്വകാര്യ വണ്ടിത്താവളത്തിനുള്ള ലൈസൻസ് എടുത്തിട്ടില്ലെന്നും ടി ഗ്രൗണ്ടുകളിൽ സ്വകാര്യവാഹന പാർക്കിംഗ് നടത്തുന്നുണ്ടോ എന്നത് പരിശോധിച്ച് നിയമാനുസൃത തുടർപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് നിയമാനുസൃത തുടർപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വാടക- അപാകങ്ങൾ

കടമുറി വാടക സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ 2021-22 വർഷത്തിൽ കെട്ടിടമുറികളുടെ വാടക ഈടാക്കിയിട്ടില്ല. ടി കടമുറികളുടെ വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 43/05.04.2023) ലഭ്യമാക്കിയ മറുപടി കൂടി പട്ടികയിൽ ചേർക്കുന്നു.

| ഷോപ്പ് നം. | ലൈസൻസിയുടെ പേര് | അടവാക്കാൻ ബാക്കിയുള്ള വാടക | മുനിസിപ്പാലിറ്റി ലഭ്യമാക്കിയ മറുപടി |
|---|---|---|---|
| ബസ് സ്റ്റാൻഡ് ബിൽഡിംഗ് | | | |
| 3 | പ്രകാശൻ കെ കെ | 36216 | ശ്രീ പ്രകാശൻ കെ കെ 2020 ജനുവരിയിൽ മരണപ്പെട്ടിട്ടുള്ളതാണ്. ടി കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയ്ക്ക് 1998ലെ കേരള മുൻസിപ്പാലിറ്റി ചട്ടം 4 പ്രകാരം ഇളവ് അനുവദിക്കുന്ന വിഷയം ബഹു.കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ് |
| 4 | പ്രകാശൻ കെ കെ | 36216 | |

| | | | |
|---|---|---|---|
| 14 | നിമിത ഇ എസ് | 73320 | വാടക കുടിശ്ശിക അടവാക്കാത്തതിനാൽ 2023 മാർച്ചിൽ നഗരസഭ കടമുറി പൂട്ടി എടുത്തിട്ടുള്ളതാണ്. ബസ് സ്റ്റാൻഡ് കെട്ടിടം പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ നഗരസഭ കൗൺസിലിന് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് | | | |
| FF5 | എക്സൈസ് റെയ്ഞ്ച് ഓഫീസ് | 81373 | |
| FF3 | മുഹമ്മദ് അഷറഫ് പി വി | 76590 | വാടക അടവാക്കാത്തതിനാൽ ടി കടമുറികൾ പൂട്ടിയെടുക്കുന്നതിന് റവന്യൂ ഇൻസ്പെക്ടർക്ക് അധികാരപത്രം നൽകിയിട്ടുള്ളതാണ്. കടമുറികൾ പൂട്ടിയെടുത്ത് നഗരസഭ കൗൺസിലിന് വിധേയമായി തുടർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| FF7 | ജയപ്രകാശ് കെ | 62748 | |
| SF5 | സെക്രട്ടറി, CPI ഗുരുവായൂർ | 62748 | |
| മിനി മാർക്കറ്റ് ബിൽഡിംഗ് | | | |
| 7 | ഗോപാലൻ സി കെ | 7698 | വാടക അടവാക്കാത്തതിനാൽ ടി കടമുറികൾ പൂട്ടിയെടുക്കുന്നതിന് റവന്യൂ ഇൻസ്പെക്ടർക്ക് അധികാരപത്രം നൽകിയിട്ടുള്ളതാണ്. |
| 11 | അലി പി | 21000 | |

2. താഴെ കൊടുത്തിരിക്കുന്ന കടമുറികൾ 2021-22 വർഷത്തിൽ ഒഴിഞ്ഞുകിടന്നിരുന്നു.

A) കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് FF1

B) കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് FF2

C) കുട്ടികൃഷ്ണൻ മെമ്മോറിയൽ ബിൽഡിംഗ് SF3

D) IRDP Bunk No.1

ആയത് ലേലം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. കുട്ടികൃഷ്ണ സ്മാരക കെട്ടിടത്തിലെ FF1 , FF2 കടമുറികൾ ബസ് സ്റ്റാൻഡ് കെട്ടിടം പൊളിക്കുമ്പോൾ ബസ് സ്റ്റാൻഡ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷി ഓഫീസിന് അനുവദിക്കാൻ തീരുമാനമെടുത്തിട്ടുള്ളതാണ് . അല്ലാത്തപക്ഷം FF1 , FF2, SF3 കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

3. തൈക്കാട് സോണിലിലെ കടമുറികളിൽ വാർഡ് നം.11 ലെ 328-ാം നമ്പർ കെട്ടിടം 2020-21 ൽ ടി.കെ.സജീവ്, തലക്കാട്ട് എന്ന വ്യക്തിക്ക് ഓഗസ്റ്റ് മാസം വരെ വാടകയ്ക്ക് നല്കിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിൽ കടമുറി വാടകയ്ക്ക് നല്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കടമുറി വാടകയിനത്തിൽ മുൻസിപ്പാലിറ്റിക്ക് ലഭ്യമാകാനുള്ള തുകകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ, ടൗൺഹാൾ ബൈലോ എന്നിവയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല

1. ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ

ഷോപ്പിംഗ് സെന്റർ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും നഗരകാര്യ ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭാ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ വാർഷിക വർദ്ധനവ് വരുത്തുകയാണ് ചെയ്യുന്നത്.

2. ടൗൺഹാൾ – ബൈലോ

ഗുരുവായൂർ നഗരസഭ ഇന്ദിരാഗാന്ധി ടൗൺഹാൾ, ഡൈനിംഗ് ഹാൾ, തൈക്കാട് രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ ബൈലോകൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും (23.10.2018 ലെ തീരുമാനം നമ്പർ 6) സർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. (1.10.2020 ന് ബൈലോകൾ R3-14335/17 നമ്പരായി സർക്കാരിലേക്ക് അയച്ചിട്ടുള്ളതാണ് എങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭ്യമായിട്ടില്ല.)
ക്ഷേത്രപ്രവേശന സത്യഗ്രഹസ്മാരക ഓപ്പൺ സ്റ്റേജ് ബുക്കിംഗ് ബൈലോയ്ക്കും നഗരസഭാ കൗൺസിൽ അംഗീകാരം മാത്രമേയുള്ളൂ.

ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (44/05.04.2023 ) മറുപടി ലഭ്യമാക്കിയില്ല. ബൈലോകൾക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## 1-24 ക്രിമറ്റോറിയം ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല

നഗരസഭയിൽ കാട്ടുപാടം പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന വാതക ശ്മശാനത്തിന്റെ നടത്തിപ്പിന് ആവശ്യമായ ബൈലോ തയ്യാറാക്കി കൗൺസിൽ അംഗീകാരം നേടിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/28.03.2023) ലഭ്യമാക്കിയ മറുപടി പ്രകാരം, ബൈലോ തയ്യാറാക്കിയിട്ടില്ലെന്നറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിനൊട്ടാകെ മാതൃകയായ രീതിയിൽ വാതകശ്മശാനവും പരിസരവും പരിപാലിക്കപ്പെടുന്നുണ്ടെന്ന് സംസ്ഥാന നിയമസഭയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഗുരുവായൂർ നഗരസഭയിലെ വാതക ശ്മശാനത്തിന്റെ പ്രവർത്തനത്തിന് നാളിതുവരെയായി ബൈലോ തയ്യാറാക്കിയിട്ടില്ലെന്നുള്ളത് അഭിലഷണീയമല്ല, ആയതിനാൽ ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്ന് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## 1-25 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നും, ഉപകരണങ്ങളും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി പൂക്കോട് നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി താഴെ പറയുന്ന വിവിധ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്, എന്നാൽ പ്രോജക്ട് പ്രകാരമുള്ള മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേരുവിവരം | അടവാക്കിയ തുക (₹) | പ്രൊഫോർമ ഇൻവോയ്സ് നം. തിയതി | ഫണ്ട് വിവരം | വൗച്ചർ നം. തീയതി | ലഭ്യമാക്കിയ മരുന്നുകളുടെ മൂല്യം (₹) | ലഭ്യമാക്കുന്നതിനുള്ള മരുന്നുകളുടെ മൂല്യം (₹) |
|---|---|---|---|---|---|---|---|
| 1 | 2/22 പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 1,99,999 | PRF 572/ 09.06.21 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 22100518/ 24.06.21 | 1,35,744 | 64,255 |
| 2 | 3/22 പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ജീവിതശൈലി രോഗ ക്ലിനിക്കിലേക്ക് | 2,00,000 | PRF 546/ 08.06.21 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 22100517/ 24.06.21 | 1,05,473 | 94,527 |

| | | | | | | | |
|---|---|---|---|---|---|---|---|
| | മരുന്നും ഉപകരണങ്ങളും വാങ്ങൽ | | | | | | |
| 3 | 64/22 ജീവിതശൈലി രോഗ ക്ലിനിക്കിലേക്ക് മരുന്ന് - തൈക്കാട് കുടുംബാരോഗ്യകേന്ദ്രം | 97,857 | PRF 3983/ 09.12.21 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 22102385/ 22.03.22 | 84,988 | 12,869 |
| 4 | 82/22 തൈക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | 1,99,999 | PRF 7209/ 22.03.22 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 22102343/ 24.03.22 | 0 | 1,33,750 |
| | | | PRF 4321/ 21.12.21 | | 22102386/ 22.03.22 | 0 | 66,249 |
| 5 | 63/22 പെയിൻ & പാലിയേറ്റീവ് | 14,13,424 | PRF 6836/ തീയതി ലഭ്യമല്ല | വികസനഫണ്ട് ജനറൽ | 22102358/ 22.03.22 | 9,78,692 | 1,43,769 |
| | | | PRF 7169/ 21.03.22 | | 22102353/ 22.03.22 | 1,48,198 | 1,42,765 |
| 6 | 8/22 പൂക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഉപകരണങ്ങൾ വാങ്ങൽ | 24,965 | PRF 164/ 22.03.22 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 22102381/ 23.03.22 | 0 | 24,965 |
| ആകെ | | | | | | | 6,83,149 |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നും, ഉപകരണങ്ങളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.17,18 തിയതി:31.03.23)

## 1-26 കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത്-പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

ഫയൽനം-E4-4774/22

പ്രോജക്റ്റ്നം -475/22

നിർവഹണ ഉദ്യോഗസ്ഥ-മുൻസിപ്പൽഎഞ്ചിനീയർ

ഫണ്ട്-CFC

കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14/3/22 ലെA6-1603/22 നം കത്ത് പ്രകാരം നഗരസഭയിലെ 11 സ്ഥാപനങ്ങളിലേക്ക് സീവേജ് കണക്ഷൻ എടുക്കുന്നതിനായി 18,37,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേരളവാട്ടർ അതോറിറ്റി നഗരസഭക്ക് നൽകി. നഗരസഭ കേരള വാട്ടർ അതോറിറ്റിയിക്ക് PFMS മുഖേന തുക കൈമാറുകയും ചെയ്തു. (Payment Advise No-co32250203924/21-3-22 തുക 1601000, Payment Advise No-co32261512337/24-3-22 തുക 236000). തുക കൈമാറിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | അമ്പാടി കംഫർട്ട് സ്റ്റേഷൻ | 140000 |
| 2 | ചിൽഡ്രൻസ് പാർക്ക് | 115000 |
| 3 | ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ | 190000 |
| 4 | മുൻസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് | 116000 |
| 5 | ടൗൺഹാൾ | 230000 |
| 6 | ലൈബ്രറി ബിൽഡിംഗ് | 90000 |

| | | |
|---|---|---|
| 7 | അഗതി മന്ദിരം | 240000 |
| 8 | മുൻസിപ്പൽഓഫീസ്-ബി | 130000 |
| 9 | മുൻസിപ്പൽഓഫീസ്-എ | 240000 |
| 10 | മൾട്ടിലെവൽ കാർപാർക്കിംഗ് | 110000 |
| 11 | പബ്ലിക് ടോയ്ലറ്റ് | 236000 |

GO(Rt)1373/13 ത.സ്വ.ഭ.വ. തീയതി 25-5-13 ഉത്തരവ് പ്രകാരം സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം കരാറിലേർപ്പെട്ടതിനു ശേഷം മാത്രം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറേണ്ടതാണ്. എന്നാൽ നഗരസഭ കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടില്ല. ഫയൽ പരിശോധിച്ചതിൽ പദ്ധതി നാളിതു വരെ പൂർത്തീകരിച്ചതായിക്കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി 7/29-3-23) ഓഡിറ്റ് എൻക്വയറിക്കു മറുപടിയായി പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണ് എന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

## 1-27 പ്രകാശ നഗരം-എൽ ഇ ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ-അപാകതകൾ

ഫയൽ നം-E4-16618/19

പ്രോജക്റ്റ്- 348/22 , 170/20(മുൻ വർഷ പ്രോജക്റ്റ്)

ഫണ്ട്- CFC

നിർവഹണഉദ്യോഗസ്ഥ- മുൻസിപ്പൽ എഞ്ചിനീയർ

30 വാട്ട് എൽ ഇ ഡി തെരുവു വിളക്കുകൾ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി ഇ ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്ത ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് (ഒന്നിന് 1468 നിരക്കിൽ 1075 എണ്ണം വിതരണം,സ്ഥാപിക്കൽ എന്നിവക്കായി) സ്ഥാപനവുമായി കരാറിലേർപ്പെട്ടു. (കരാർ നം 163/19-20-dt-20-3-20 ) ഫണ്ട് ശേഷിക്കുന്നതിനാലും, എൽ ഇ ഡി തെരുവു വിളക്കുകൾ കൂടുതൽ വാർഡുകളിൽ ആവശ്യമായതിനാലും കമ്മിറ്റിയുടെ തീരുമാന പ്രകാരം 287 എണ്ണം കൂടി സ്ഥാപിക്കുന്നതിനായി സപ്ലിമെന്ററി കരാറിലേർപ്പെട്ടു. (കരാർ നം 163A/19-20-dt-26-2-201) 2020-21 വർഷത്തിൽ 1144 വിളക്കുകൾ സ്ഥാപിച്ചതിന് 16,79,392 രൂപ ചെലവഴിച്ചു. (നിയമാനുസൃത നികുതികൾ ബില്ലിൽ നിന്ന്കുറവു ചെയ്തിട്ടുണ്ട്.

2021-22 വർഷത്തിൽ സ്പിൽ ഓവർ ആയ പദ്ധതിയിൽ 207 എൽ ഇ ഡി വിളക്കുകൾ സ്ഥാപിച്ചതിന് 3,03,876 (1468 രൂപ നിരക്കിൽ) ചെലവഴിച്ചു. (നിയമാനുസൃത നികുതികൾ ബില്ലിൽ നിന്ന്കുറവു ചെയ്തിട്ടുണ്ട്)

ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ഉഷ ഇലക്ട്രോണിക്സ് എൽ ഇ ഡി വിളക്കുകൾ വിതരണം ചെയ്തതിന്റെബില്ലുകൾ, വിളക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിതരണം ചെയ്തതിന്റേയും, സ്ഥാപിച്ചതിന്റേയും ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. 912 വിളക്കുകൾ വിതരണം ചെയ്തതിന്റെ ബില്ലുകൾ ആണ് ഫയലിൽ ഉള്ളത്.

2.നഗര സഭയിലെ തെരുവു വിളക്കുകളുടെ, എണ്ണം, തരം എന്നിവ സംബന്ധിച്ച രജിസ്റ്റർ ലഭ്യമായിട്ടില്ല

3.പരാതി രജിസ്റ്റർ ലഭ്യമായിട്ടില്ല (ഓഡിറ്റ് എൻക്വയറി 45/5-4-23)
അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-28 ഡീസൽ ജനറേറ്റർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്

ഫയൽ നം-E4-3419/22

പ്രോജക്റ്റ്-193/22

നിർവഹണ ഉദ്യോഗസ്ഥ-മുൻസിപ്പൽ എഞ്ചിനീയർ

ഫണ്ട്-CFC(TIED)
വൗച്ചർ നം,തുക -22102669/29-3-22-1000000

ടൗൺഹാളിലെ മാലിന്യ സംസ്കരണത്തിനുള്ള ഇൻസിനറേറ്റർ പ്രവൃത്തിപ്പിക്കുന്നതിനായി, കേരള എഞ്ചിനീയറിംഗ് ആന്റ് അലൈഡ് കമ്പനി (KEL) യിൽ നിന്ന് 100kv ഡീസൽ ജനറേറ്റർ വാങ്ങുന്നതിനായി തൻ

വർഷം 10,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. PFMS മുഖേന രണ്ട് തവണകളായാണ് തുക നൽകിയിരിക്കുന്നത്. ( (1)983052 (Payment Advise Noco3228660346/30-3-22, (2) 16,948 (Payment Advise Noco32286608284/30-3-22 ) ജനറേറ്റർ KEL ഇൻസ്റ്റാൾ ചെയ്തെങ്കിലും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമുള്ള അനുമതി ലഭിച്ചതായിക്കാണുന്നില്ല. 19,41,640 രൂപയാണ് 100kv ഡീസൽ ജനറേറ്ററിന് KEL ന് നൽകേണ്ടിയിരുന്നത്. 22-23 വർഷത്തിൽ ഇതേ പദ്ധതി സ്പിൽ ഓവർ ആയി (49/22) നടപ്പിലാക്കിയതായും 8,08,082 രൂപ ചെലവ് വന്നതായും കാണുന്നു. എന്നാൽ ഡീസൽ ജനറേറ്റർ നിലവിലും പ്രവർത്തനക്ഷമമായിട്ടില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ-പൂർത്തീകരണ വിവരണങ്ങൾ ലഭ്യമായിട്ടില്ല

ഫയൽ നം-E4-4775/22

പ്രോജക്റ്റ്- വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ

ഫണ്ട്-കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്

തുക-12,02,267

നിർവഹണ ഉദ്യോഗസ്ഥ- മുൻസിപ്പൽഎഞ്ചിനീയർ

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ഏറ്റെടുത്തിട്ടുള്ള വിവിധ വാർഡുകളിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ പദ്ധതിക്കായി 12,02,267 രൂപ KSEB യിലേക്ക് അടവാക്കിയിട്ടുണ്ട്. (Pfms മുഖേന- Payment Advise No.co32242563149/17-3-22.) GO(Rt)1373/13 ത.സ്വ.ഭ.വ. തീയതി 25-5-13 ഉത്തരവ് പ്രകാരം സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം കരാറിലേർപ്പെട്ടതിനു ശേഷം മാത്രം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറേണ്ടതാണ്. എന്നാൽ നഗരസഭ KSEB യുമായി കരാറിലേർപ്പെട്ടിട്ടില്ല. പദ്ധതിയുടെ പൂർത്തീകരണ വിവരണങ്ങൾ KSEB യിൽ നിന്ന് ലഭ്യമായിട്ടില്ല. പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-6/29-3-23)

## 1-30 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

ജി.ഒ(പി)419/11 ധന 4/10/11 കെ.എഫ്.സി അനുഛേദം 99 പ്രകാരം താൽകാലിക അഡ്വാൻസുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായും വിനിയോഗിക്കാത്ത അഡ്വാൻസ് തുകക്ക് വർഷത്തേക്ക് 18 ശതമാനം നിരക്കിൽ പലിശ ഈടാക്കണം. സമയ പരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും അടിയന്തിരമായി തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കണം.

നഗരസഭയുടെ 2021-22 കാലയളവിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി താഴെ പറയും പ്രകാരം മുൻകൂറുകൾ അനുവദിച്ചിട്ടുള്ളതാണ്. ആയവ ക്രമീകരിച്ചതു സംബന്ധിച്ച വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഫയൽ നം | വൗച്ചർ നം. തിയ്യതി | തുക കൈപ്പറ്റിയ വ്യക്തി | ആവശ്യം | തുക (₹) |
|---|---|---|---|---|---|
| 1 | H1-3682/20 | 117-4/21 /26-4-21 | റിജേഷ്.എം.ഓJHI | മരങ്ങൾ മുറിച്ച് മാറ്റുന്നതിന് | 5000 |
| 2 | H1-4645/21 | 121-4/21 | റിജേഷ്.എം.ഓJHI | കടന്നൽക്കൂട് നശിപ്പിക്കൽ | 2000 |
| 3 | H1-278/21 | 78-5/21 18-5-21 | റിജേഷ്.എം.ഓJHI | കടന്നൽക്കൂട് നശിപ്പിക്കൽ | 2000 |
| 4 | H1-7017/21 | 81-5/21 18-5-21 | റിജേഷ്.എം.ഓJHI | മരങ്ങൾ മുറിച്ച് മാറ്റുന്നതിന് | 6000 |

| | | | | | |
|---|---|---|---|---|---|
| 5 | E5-18378/15 | 126-9/21<br>29-9-21 | പി.എസ്.<br>ഷിബു-സെക്രട്ടറി | അമൃത് പദ്ധതി-ഡൽഹി യാത്ര | 30000 |
| 6 | E5-18375/15 | 127-9/21<br>29-9-21 | എം.കൃഷ്ണദാസ്-<br>ചെയർമാൻ | അമൃത് പദ്ധതി-ഡൽഹി യാത്ര | 30000 |
| 7 | H1-17305/21 | 77-11/21<br>18-11-21 | അജിത്.എ.വിHI | മണ്ഡലം,മകരവിളക്ക്,ഏകാദശി<br>ചെലവ് | 50000 |
| 8 | H1-17348/21 | 56-1/22 | മനേഷ് ബാബു.<br>HI | മരങ്ങൾ മുറിച്ച് മാറ്റുന്നതിന് | 26000 |

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 31-3-22ലെ സംക്ഷിപ്തം

മുന്നിരിപ്പ് -3709552

അഡ്വാൻസ്

നൽകിയത് -1356565

ആകെ -5066117

തൻ വർഷം

ക്രമീകരിച്ചത് -2747304

നീക്കിയിരിപ്പ് -2318813

മുൻ വർഷങ്ങളിലും ഇപ്രകാരം മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. മുൻകൂറുകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി 8/29-3-23) ക്രമ നം. ആറിനു മാത്രമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മറുപടി തൃപ്തികരമല്ല. മുൻകൂറുകൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് രൂപീകരിച്ചിട്ടില്ല.

ഗുരുവായൂർ നഗരസഭയിൽ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/27-3-23) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രളയവും, കോവിഡും നിമിത്തം നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായ സാഹചര്യത്തിൽ ആയത് രൂപീകരിച്ചിട്ടില്ലായെന്നും പെൻഷൻ കോൺട്രിബ്യൂഷൻ തുക അക്കൗണ്ടിലേക്ക് അടവാക്കുന്നില്ലായെന്നും, അറിയിച്ചിട്ടുണ്ട്. 1997 ലെ കേരള മുൻസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങൾ എച്ച് 7 പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൃത്യമായി പരിപാലിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഭാവിയിൽ തനത് ഫണ്ടിൽ നിന്ന് കൂടുതൽ തുക ടി ഇനത്തിൽ ചെലവ് വരുന്നതിനിടയാകുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-32 സെക്രട്ടറിയുടെ ശമ്പളം സ്റ്റേറ്റ് ഫണ്ടിലേക്ക് അടവാക്കുന്നില്ല.

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭാ സെക്രട്ടറിയുടെ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് അതത് മാസം അടവക്കേണ്ടതാണ്. എന്നാൽ ഗുരുവായൂർ നഗരസഭയിൽ അപ്രകാരം അടവാക്കുന്നില്ലെന്ന് പരിശോധനയിൽ കാണപ്പെട്ടു. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/27.03.2023) ലഭ്യമാക്കിയ മറുപടി പ്രകാരം നഗരസഭാ സെക്രട്ടറിക്ക് 2018 വരെ നൽകിയ ശമ്പളവും മറ്റലവൻസുകളും ട്രഷറിയിൽ അടവാക്കിയിട്ടുള്ളതാണെന്നും, പ്രളയവും, കോവിഡും മൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുടർന്ന് അടവാക്കിയിട്ടില്ലെന്നും മനസ്സിലാക്കുന്നു. നഗരസഭാ സെക്രട്ടറി മുൻസിപ്പാലിറ്റി ജീവനക്കാരനല്ലാത്തതിനാൽ സേവനത്തിന് പ്രതിഫലം നൽകണമെന്നുള്ള വ്യവസ്ഥയുള്ളതിനാൽ ശമ്പളവും മറ്റലവൻസുകളും സ്റ്റേറ്റ് ഫണ്ടിലേക്ക് മുടക്കം വരാതെ അടവാക്കേണ്ടതാണ്.

## 1-33 വെള്ളക്കരം - സംയുക്ത പരിശോധന നടപടികൾ എത്രയും വേഗം പൂർത്തിയാക്കണം.

നഗരസഭയിൽ നിലവിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻവർഷത്തിൽ തുക അടവാക്കിയത്

സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ 15,73,219 രൂപ പലിശ സഹിതം കുടിശ്ശികയായതായി കാണുന്നു. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിലുള്ള ടാപ്പുകൾക്ക് മാത്രമാണോ കരം അടവാക്കുന്നതെന്നും, പൊതുടാപ്പുകളിൽ ആവശ്യത്തിന് വെള്ളം ലഭ്യമാകുന്നുണ്ടോയെന്നും അറിയുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/27-3-23) ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ അതോറിറ്റിയിൽ നിന്ന് മുൻ കാലങ്ങളിൽ ലഭ്യമാക്കിയ ഡിമാന്റുകളിൽ കുടിശ്ശിക ഒഴിവാക്കി തൻ മാസത്തെ ഡിമാന്റ് തുക മാത്രം അടവാക്കി വരുന്നതു മൂലമാണ് ഇത്രയും വലിയ തുകക്കുള്ള ഡിമാന്റ് വന്നിട്ടുള്ളതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന എത്രയും വേഗം പൂർത്തിയാക്കേണ്ടതും ഉപയോഗശൂന്യമായി കണ്ടെത്തുന്ന ടാപ്പുകളുടെ കരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വെള്ളക്കരം യഥാസമയം അടവാക്കാത്തത് ഭീമമായ കുടിശ്ശിക വരാനിടയാക്കുവാനും തുടർന്ന് തീർപ്പാക്കുന്ന സമയത്ത് തനത് ഫണ്ടിൽ നിന്ന് ഭാവിയിൽ വലിയ തുകക്കുള്ള ബാദ്ധ്യത വരുത്തുകയും ചെയ്യും ആയതിനാൽ 13/9/13 തിയ്യതിയിലെ സ.ഉ.(ആർ.ടി.)2334/13 ത.സ്വ.ഭ.വ, 10/1/96 തിയ്യതിയിലെ സർക്കുലർ നമ്പർ 44485/B-3/ ത.സ്വ.ഭ.വ പ്രകാരമുള്ള നടപടികൾ പാലിച്ച് വൻ തുകയുടെ കുടിശ്ശിക ഡിമാന്റ് വരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-34 വാഹന പരിപാലനം -അപാകതകൾ

30-6-07 തിയ്യതിയിലെ സ.ഉ. (എം.എസ്) 170/07/ത.സ്വ.ഭ.വ, മുനിസിപാലിറ്റി ചട്ടം 4 എന്നിവ പ്രകാരം നഗരസഭയിൽ ഉപയോഗത്തിലിരിക്കുന്ന വാഹനങ്ങളുടെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധ വർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ആയത് നൽകിയതായി കാണുന്നില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണ (നം6 തിയ്യതി 3-4-23 ) -ത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് പാലിക്കപ്പെടുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വിവിധ വിഭാഗങ്ങളിലായി നഗരസഭയിൽ പതിനാറ് വാഹനങ്ങൾ നിലവിലുണ്ട്. ആയതിന്റെ ഇന്ധനം, ഇൻഷൂറൻസ്, അറ്റകുറ്റപണികൾ എന്നീ ഇനങ്ങളിലായി ഓഡിറ്റ് കാലയളവിൽ 6,84,800 രൂപയുടെ ചെലവുകൾ വന്നിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്. വാഹനത്തിന്റെ ഉപയോഗത്തെകുറിച്ച് ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, ലോഗ് ബുക്ക് എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-35 പ്രസാദ് പദ്ധതി -ഫെസിലിറ്റേഷൻ, അമിനിറ്റി സെന്ററുകൾ തുറന്ന് കൊടുക്കണം.

ഗുരുവായൂർ നഗരസഭയിൽ പ്രസാദ് പദ്ധതിയിൽ ഉൾപ്പെടുത്തി കഫ്റ്റീരിയ, ഓഫീസ് റൂം, സിറ്റിങ്ങ് ഏരിയ, കിച്ചൺ, പുരുഷൻമാർക്കും സ്ത്രീകൾക്കും ഭിന്നശേഷികാർക്കും പ്രത്യേകം ടോയ് ലറ്റുകൾ, എ.ടി.എം, ഡോർമിറ്ററി, (4 എണ്ണം-400 പേർക്ക് താമസിക്കാവുന്നത്) എ.സി, നോൺ എ.സി മുറികൾ ഇന്റർനെറ്റ് കഫേ, ചേഞ്ചിങ്ങ് റൂം എന്നീ സൗകര്യങ്ങളോടെ കിഴക്കേ നടയിൽ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തീകരിച്ച് ഒന്നര വർഷത്തിലേറെയായിട്ടും സന്ദർശകർക്കായി തുറന്ന് കൊടുത്തിട്ടില്ല. ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 35 തിയ്യതി 3-4-23ന് ലഭ്യമാക്കിയ മറുപടി പ്രകാരം ടി സെന്റർ ഏറ്റെടുത്ത് നടത്തുന്നതിനായി ടൂറിസ്റ്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടറുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ടെന്നും, ടെണ്ടർ ചെയ്യുന്നതിനായിട്ടുള്ള ലേല വ്യവസ്ഥകളും, കൗൺസിൽ ചർച്ചക്ക് അജണ്ടയായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി റോഡ് കട്ട് ചെയ്യാൻ അനുമതി ലഭിക്കാത്തത് മൂലം വാട്ടർ കണക്ഷൻ ലഭ്യമാക്കാനായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ എല്ലാ വാർഡുകളിലും ജലലഭ്യത ഉറപ്പ് വരുത്തിയിട്ടും പി.ഡബ്ല്യു.ഡി റോഡ് കട്ട് ചെയ്യാൻ അനുമതി ലഭിക്കാത്തത് മൂലം വാട്ടർ കണക്ഷൻ ലഭ്യമാക്കാനാകാത്തത് തികച്ചും ദൗർഭാഗ്യകരമാണ്. സന്ദർശകരുടെ ബാഹുല്യം നിമിത്തം ആവശ്യമായ സൗകര്യങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ മേൽ പറഞ്ഞിരിക്കുന്ന സൗകര്യങ്ങളോട് കൂടിയ ഫെസിലിറ്റേഷൻ സെന്റർ തികച്ചും സാങ്കേതികമായ കാരണങ്ങളാൽ സന്ദർശകർക്ക് ഉപയോഗത്തിനായി കൊടുക്കാതെയിട്ടിരിക്കുന്നത് നഗരസഭയുടെ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. കേന്ദ്ര പദ്ധതിയിലുൾപ്പെടുത്തി പണികഴിപ്പിച്ചിരിക്കുന്ന ഫെസിലിറ്റേഷൻ സെന്റർ എത്രയും വേഗം സന്ദർശകർക്കായി

തുറന്ന് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 UIDSSMT –(Urban Infra Structure Scheme For Small And Medium Towns)പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല,ശേഷിപ്പ് തുക കൈമാറിയിട്ടില്ല.

ഫയൽ നം -E1 849/2006

ഭരണാനുമതി -G.O(Rt)NO.2875/2009/LSGD/4-11-09

തുക-31,27,90,000

അടങ്കൽ -50.45 കോടി രൂപ

ഗുരുവായൂർ നഗരസഭയുടെ വിഹിതം -31.19 കോടി രൂപ

കരുവന്നൂർ പുഴയിൽ നിന്ന് വെള്ളം ശുദ്ധീകരിച്ച്, ഗുരുവായൂർ, ചാവക്കാട് നഗരസഭകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതാണ്പദ്ധതി. ജല അതോറിറ്റി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതി അടങ്കലിന്റെ 80% കേന്ദ്ര വിഹിതം, 10% സംസ്ഥാന വിഹിതം 10% നഗരസഭ വിഹിതം (ഗുരുവായൂർ, ചാവക്കാട് നഗരസഭകൾ) എന്നീ രീതിയിലാണ് പദ്ധതി നടപ്പാക്കുന്നത്. ഗുരുവായൂർ നഗരസഭയുടെ മുഖ്യ ജല ഉപഭോക്താവായ ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ നഗരസഭ വിഹിതത്തിന്റെ 50% തുക വഹിക്കുന്നുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ, ബാങ്ക് പാസ് ബുക്ക് എന്നിവ പരിശോധിച്ചതിൽ (CANARA BANK, A/C NO.0838101042586) ജല അതോറിറ്റിക്ക് ചുവടെ ചേർക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| തീയതി | തുക |
|---|---|
| 13-8-2010 | 5,00,000 |
| 17-11-2011 | 6,00,00,000 |
| 21-3-2012 | 8,00,00,000 |
| 16-5-2013 | 2,45,00,000 |
| 17-8-2013 | 3,78,00,000 |
| 21-2-2014 | 5,22,00,000 |
| 17-5-2017 | 3,96,18,000 |
| 22-6-2019 | 1,81,72,000 |
| ആകെ | 31,27,90,000 |

പദ്ധതി പൂർത്തീകരണ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ്എൻക്വയറി -34/3-4-23) ന് ലഭ്യമാക്കിയ മറുപടി പ്രകാരം 24.02.2019 ന് പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത UIDSSMT പദ്ധതിയുടെ പൂർത്തീകരണ രേഖകൾ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടില്ലെന്നും, കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട എസ്റ്റാബ്ലിഷ് മെന്റ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി ഡി.പി.ആർ. റിവൈസ് ചെയ്ത് സർക്കാരിന്റെ അംഗീകാരവും, വാട്ടർ അതോറിറ്റിയുടെ ടെക്നിക്കൽ സാംഗ്ഷൻ എന്നിവയും ഉണ്ടെങ്കിൽ മാത്രമേ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക 1,94,74,265 രൂപ കൈമാറുന്നതിനും പദ്ധതി പൂർത്തീകരിച്ച് രേഖകൾ കൈമാറുന്നതിനും സാധിക്കുകയുള്ളൂയെന്നും അറിയിച്ചിട്ടുണ്ട്.

തികച്ചും സാങ്കേതികമായ കാരണങ്ങളാൽ കഴിഞ്ഞ നാല്വ വർഷകാലം കേവലം 2.9 ശതമാനം പലിശ നിരക്കിൽ സ്വകാര്യ ബാങ്കിൽ 1,94,74,265 കോടി രൂപ നിക്ഷേപമായി കിടന്ന സാഹചര്യം അനഭിലഷണീയമാണ്. അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കി ശേഷിക്കുന്ന തുക കൈമാറേണ്ടതും, അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്ത പക്ഷം അവശേഷിക്കുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതുമാണ്. എസ്റ്റാബ്ലിഷ് മെന്റ് ചാർജ്ജ്കൂടി ഉൾപ്പെടുത്തുന്ന വിവരം അസ്സൽ കരാറിൽ വ്യവസ്ഥയാക്കിയിട്ടുണ്ടെന്നുള്ള വിവരം പരിശോധിക്കപ്പെടേണ്ടതാണ്, അല്ലാത്തപക്ഷം ആയത് ഉൾപ്പെടുത്തി ഡി.പി.ആർ. റിവൈസ് ചെയ്യാൻ സാധിക്കില്ല. ടി കാര്യം ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 1-37 ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് മിഷൻ ഭവന നിർമ്മാണം, പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ ഇരുപത്

ഗുണഭോക്താക്കൾ വിവിധ ഘട്ടങ്ങളിലായി (40,000 രൂപ, 1,60,000 രൂപ) ആകെ 2,00,000 രൂപ വീതം ധനസഹായം കൈപ്പറ്റിയിട്ടും പണിപൂർത്തീകരിക്കാത്തതായി കാണുന്നു..

ടി കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12 തിയ്യതി 30-3-23 ന് ലഭ്യമാക്കിയ മറുപടി പ്രകാരം പലരും ഭവനത്തിന്റെ തറപണി മാത്രം പൂർത്തിയാക്കിയിട്ടുള്ളതും, പിന്നീട് സാമ്പത്തിക ബുദ്ധിമുട്ട് കാരണം പണികൾ ഒന്നും തന്നെ നടത്തിയിട്ടില്ലാത്തതുമാണെന്നും അറിയിച്ചിട്ടുണ്ട്. മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് കൗൺസിലർമാർ മുഖേന അറിയിപ്പ് നൽകുകയും, തുടർന്ന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ടെന്നും ഭവന നിർമാണത്തിൽ നിന്ന് വ്യക്തമായ കാരണങ്ങളാൽ ആരെങ്കിലും ഒഴിവാകുന്ന പക്ഷം 12% പലിശയോടെ തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതും, ഇല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ അനിവാര്യമാണെങ്കിൽ ടി നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-38 ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം.

നഗരസഭയിലെ ഡോഗ് ലൈസൻസ് അനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 21-22 വർഷത്തിൽ 33 നായകൾക്ക് ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ നഗരസഭയിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 9 തി. 29/03/23-ന് ലഭ്യമാക്കിയ മറുപടി പ്രകാരം 2019 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 1555 വളർത്ത് നായ്ക്കളുണ്ടെന്നും, എന്നാൽ നടപ്പു വർഷത്തിൽ 1293 എണ്ണത്തിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്നും വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. എല്ലാ നായകൾക്കും ലൈസൻസ് എടുക്കുന്നില്ലെന്നും, പേ വിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ലെന്നും വ്യക്തമാണ്. മാത്രമല്ല ലൈസൻസ് ഫീസ് ഇനത്തിൽ കിട്ടേണ്ട 1,55,500 രൂപയിൽ 3,300 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 437 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നം.W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്.

വളർത്തു നായ്ക്കളിൽ നിന്ന് പേ വിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവ് മാനിച്ചു കൊണ്ട്, 8/8/21 തിയ്യതിയിലെ സർക്കുലർ നം. RC3/24/ത.സ്വ.ഭ.വ പ്രകാരം ആവശ്യമായ ബോധവൽക്കരണം നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## 1-39 സ്പോർട്സ് കൗൺസിൽ രൂപീകരിക്കണം.

14/2/18 തിയ്യതിയിലെ സ.ഉ.(കൈ) നമ്പർ 22/18 ത.സ്വ.ഭ.വ. മാർഗ്ഗരേഖ പ്രകാരം പതിമൂന്നാം പദ്ധതിയിൽ കായിക രംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ സജീവമായി ഇടപെടേണ്ടതിന്റെ ആവശ്യകത ഊന്നി പറയുന്നുണ്ട്. ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം ഉറപ്പ് വരുത്താനും ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാനും ഇത് ആവശ്യമാണ്. ഗുരുവായൂർ നഗരസഭയിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോയെന്ന കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11 തിയ്യതി 30-3-23) ലഭ്യമാക്കിയ മറുപടി പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29-12-21 തിയ്യതിയിലെ 304/21 ഉത്തരവ് പ്രകാരം ആയത് രൂപീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അമൃത് പദ്ധതി പ്രകാരം വിവിധ കളിക്കളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന സാഹചര്യത്തിൽ കായിക വിനോദങ്ങൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതികളായ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്, സ്കൂൾ കുട്ടികൾക്ക് അത്‌ലറ്റിക് പരിശീലനം തുടങ്ങിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ജനസാന്ദ്രതയേറിയ നഗര പ്രദേശമായതിനാൽ ഭൂമിയുടെ ലഭ്യത കുറവ് വിശാലമായ കളിക്കളങ്ങൾ നിർമ്മിക്കുന്നത് അപ്രായോഗികമാകുന്ന സാഹചര്യത്തിൽ നിലവിലുള്ള കളിക്കളങ്ങൾ നവീകരിക്കുന്നതിന് പ്രാധാന്യം നൽകേണ്ടതും കളിക്കളങ്ങളിലേക്ക് വ്യായാമത്തിനും, ഉല്ലാസത്തിനുമായി പൊതുജനങ്ങൾ വരുന്ന സാഹചര്യം ഉറപ്പ് വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-40 ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നടപ്പിലാക്കിയ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.19/01.04.23ന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

### 1-40-1 406/22 ബയോകംമ്പോസ്റ്റർ ബിൻ വിതരണം

ബഹു വർഷ പ്രോജക്ടായി നടപ്പിലാക്കിയ പ്രോജക്ട് 2020-21 മുതൽ തുടങ്ങിയിട്ടുള്ളതും, 2022-23 വർഷത്തിൽ തുടരുന്നതുമാണ്. പ്രോജക്ട് പ്രകാരം 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്.

| ക്രമ നം. | വൗച്ചർ നമ്പർ/തിയതി | തുക |
|---|---|---|
| 1 | 22102656/03.02.22 | 33,58,440 |
| 2 | 22102655/02.03.22 | 19,64,687 |
| ആകെ | | 53,23,127 |

ഒരു ബയോ കമ്പോസ്റ്റ് ബിന്നിന് ₹1800 വില നിശ്ചയിച്ചിട്ടുള്ളതും, ആയതിൽ 10% ഗുണഭോക്തൃ വിഹിതവും, ബാക്കി 90% സബ്സിഡിയുമാണ്. പദ്ധതി പ്രവർത്തനം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ മേൽ പറഞ്ഞ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്.

1. പദ്ധതി നിർവ്വഹണ ഏജൻസിയായ IRTC - Project Implementation Unit (IRTC – PIU) മുണ്ടൂർ, പാലക്കാട് നിന്നും ലഭ്യമായ ബയോകംമ്പോസ്റ്റർ ബിൻ യൂണിറ്റുകളുടെ എണ്ണവും, ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും.
2. എത്ര ബയോ കമ്പോസ്റ്റർ യൂണിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.
3. നാളിതുവരെ എത്ര തുക ഈ ഇനത്തിൽ IRTC-Project Implementation Unit (IRTC – PIU) മുണ്ടൂർ, പാലക്കാടിന് അനുവദിച്ചു നല്കിയിട്ടുണ്ട്. എത്ര തുക ബാക്കി അനുവദിക്കുന്നതിനായിട്ടുണ്ട്
4. CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ബയോ കമ്പോസ്റ്റർ ബിൻ യൂണിറ്റുകൾ വിതരണം ചെയ്ത ബില്ലുകളിൽ IRTC-Project Implementation Unit (IRTC – PIU) മുണ്ടൂർ, പാലക്കാട് നിന്നും CGST, SGST ഇനങ്ങളിൽ ടി.ഡി.എസ്. ഈടാക്കിയതിന്റെ രേഖകൾ ഇല്ലാത്തതാണ്. CGST, SGST ഇനങ്ങളിൽ ടി.ഡി.എസ്. ഈടാക്കാതിരുന്നതിന്റെ കാരണം ബഹു വർഷ പ്രോജക്ടായി നിർവ്വണം നടത്തിയ ബയോ കമ്പോസ്റ്റ് ബിൻ വിതരണ പ്രോജക്ടു സംബന്ധിച്ച മേൽ വിവരങ്ങൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

### 1-40-2 403/22 വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് വിതരണം.

ബഹു വർഷ പ്രോജക്ടായി നടപ്പിലാക്കിയ പ്രോജക്ട് 2020-21 മുതൽ തുടങ്ങിയിട്ടുള്ളതും, 2022-23 വർഷത്തിൽ തുടരുന്നതുമാണ്. പ്രോജക്ട് പ്രകാരം 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്. പദ്ധതി പ്രകാരം ആകെ 500 ബയോഗ്യാസ് പ്ലാന്റ് IRTC പാലക്കാട് നിന്നും വാങ്ങി വിതരണം നടത്തിയതായാണ് അറിയിച്ചത്.

| ക്രമ നം. | വൗച്ചർ നമ്പർ/തിയതി | തുക | ഫണ്ടു വിവരം |
|---|---|---|---|
| 1 | 22102331/25.03.22 | 4,80,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2 | | 3,60,000 | ഗുണഭോക്തൃവഹിതം |
| ആകെ | | 8,40,000 | |

ഒരു ബയോഗ്യാസ് പ്ലാന്റിന് ₹12,000 വില നിശ്ചയിച്ചിട്ടുള്ളതും, ആയതിൽ 10% ഗുണഭോക്തൃ വിഹിതവും, ബാക്കി 90% സബ്സിഡിയുമാണ്. പദ്ധതി പ്രവർത്തനം സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ മേൽ പറഞ്ഞ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്.

1. നാളിതുവരെ എത്ര തുക ഈ ഇനത്തിൽ IRTC-Project Implementation Unit (IRTC – PIU) മുണ്ടൂർ, പാലക്കാടിന് അനുവദിച്ച് നല്കിയിട്ടുണ്ട്. എത്ര തുക ബാക്കി അനുവദിക്കുന്നതിനായിട്ടുണ്ട്

2. CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട്2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ബയോ കമ്പോസ്റ്റർ യൂണിറ്റുകൾ വിതരണം ചെയ്ത ബില്ലുകളിൽ IRTC-Project Implementation Unit (IRTC – PIU) മുണ്ടൂർ, പാലക്കാടിൽ നിന്നും CGST, SGST ഇനങ്ങളിൽ ടി.ഡി.എസ്. ഈടാക്കിയതിന്റെ രേഖകൾ ഇല്ലാത്തതാണ്. CGST, SGST ഇനങ്ങളിൽ ടി.ഡി.എസ്. ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്. ബഹു വർഷ പ്രോജക്ടായി നിർവ്വഹണം നടത്തിയ വ്യക്തിഗത ബയോഗ്യാസ് പ്ലാന്റ് വിതരണ പ്രോജക്ടു സംബന്ധിച്ച മേൽ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-40-3 463/22 സ്മാർട്ട് ഗ്യാർബേജ് ആപ്പ്

ബഹു വർഷ പ്രോജക്ടായി നടപ്പിലാക്കിയ പ്രോജക്ട് 2021-22 മുതൽ തുടങ്ങിയിട്ടുള്ളതും, 2022-23 വർഷത്തിൽ തുടരുന്നതുമാണ്. പ്രോജക്ട് പ്രകാരം സ്മാർട്ട് ഗ്യാർബേജ് മോണിറ്ററിംഗ് സിസ്റ്റം നഗരസഭയിൽ സ്ഥാപിക്കുന്നതിന് കെൽട്രോണുമായി 24.03.22ന് കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പദ്ധതി നടത്തിപ്പിനായി ₹6,73,000/- വൌച്ചർ നം.22102654/25.03.22 പ്രകാരം കെൽട്രോണിന് നല്കിയിട്ടുള്ളതുമാണ്. ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജന സംവിധാനത്തിന്റെ നിരീക്ഷണം സാധ്യമാകുന്നതിനുമാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-41 ഗുരുവായൂർ ദേവസ്വം അംശദായം അടവാക്കിയില്ല

ഫയൽ നം.H1-3215/2006

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 333പ്രകാരം ഒരു മുൻസിപ്പൽ പ്രദേശത്തോ അതിന്റെ പരിസരങ്ങളിലോ സ്ഥിതി ചെയ്യുകയും, വർഷം മുഴുവനമോ പ്രത്യേക സന്ദർഭങ്ങളിലോ വലിയ ജനക്കൂട്ടത്തെ അത് ആകർഷിക്കുകയും ചെയ്യുന്ന പക്ഷം പൊതുജനാരോഗ്യത്തിനോ പൊതു രക്ഷക്കോ സൗകര്യത്തിനോ ആവശ്യമായ സ്ഥിരമോ, താല്ക്കാലികമോ ആയ പ്രത്യേക ഏർപ്പാടുകൾ മുൻസിപ്പാലിറ്റി ചെയ്യേണ്ടതും, ആ പ്രദേശത്തിനു മേൽ നിയന്ത്രണമുള്ള ട്രസ്റ്റിയോടോ, മറ്റെതെങ്കിലും ആളോടോ സർക്കാർ ആ മുൻസിപ്പാലിറ്റിയുടെ നിധിയിലേയ്ക്ക് നിശ്ചയിക്കുന്ന അങ്ങനെയുള്ള ആവർത്തകമോ, അനാവർത്തകമോ ആയ അംശദായം നല്കുന്നതിന് ആവശ്യപ്പെടാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർക്കാർ ഉത്തരവ് എംഎസ് 914/HLD തിയതി 6.12.1965 ഉത്തരവ് പ്രകാരം ഗുരുവായൂർ ദേവസ്വത്തിലേക്ക് പ്രയോജനപ്പെടും വിധം ഗുരുവായൂർ നഗരസഭ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾക്കായുള്ള ആവർത്തന ചെലവ് തുകയുടെ 50%ഉം, മൂലധനചെലവ് തുകയുടെ 33.33% അംശദായമായി നല്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

03.08.2022 തിയതിയിലെ സെക്രട്ടറിയുടെ, ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർക്കുള്ള കത്തിൽ താഴെ പറയും പ്രകാരം അംശദായമിനത്തിൽ തുക അടവാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുള്ളതാണ്.

| ക്രമ നം | വർഷം | അംശദായമിനത്തിലുള്ള കിട്ടാനുള്ളതുക |
|---|---|---|
| 1 | 2019-20 | 53,09,412 |
| 2 | 2020-21 | 23,76,231 |
| 3 | 2021-22 | 33,79,233 |
| ആകെ | | 1,10,64,876 |

തുക അടവാക്കിയതിന്റെ വിവരം പരിശോധനയ്ക്കായി ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 25/03-04-23 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നല്കിയിട്ടില്ലാത്തതാണ്. ദേവസ്വത്തിൽ നിന്നും അംശദായം ഈടാക്കിയതിന്റെ വിവരം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-42 ഇ – ടെണ്ടർ ഫി അടവാക്കിയ വിവരം ലഭ്യമാക്കിയില്ല.

2021 -22 വർഷത്തിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഇ – ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 20/1.4.2023 പ്രകാരം വിവരങ്ങൾ ആരാഞ്ഞിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയതിൽ 4.4.23 ന് ചെക്ക് നം 193896 പ്രകാരം 6,00,000/ - രൂപ നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടായ കാനറ ബാങ്കിലെ 0838101044794 നമ്പർ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ചെക്ക് നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തുക നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടിൽ ക്രഡിറ്റ് ആയ വിവരം ലഭ്യമാക്കേണ്ടതാണ്.

1-43 കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

2021 -22 വർഷത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ മരാമത്ത പ്രവൃത്തികളിൽ കാന നിർമ്മാണവുമായി ബന്ധപ്പെട്ടു കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം/ലേല നടപടി സ്വീകരിച്ച വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ. നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | എഗ്രി. നമ്പർ, തിയതി. | അളവ് പുസ്തകം | കരാറുകാരൻ | കുഴിച്ചെടുത്ത മണ്ണിന്റെ അളവ്. |
|---|---|---|---|---|---|
| 1. | മമ്മിയൂർ കാട്ടുപാടം റോഡിൽ കാന കവർ സ്ലാബ് നിർമ്മാണം. S0156/22 | 119/21 -22. Dtd.3.2.22. | 39/21 -22 | പി. സുനിൽകുമാർ | 32 M3മണ്ണ് @358.4800 =11471.36. |
| 2. | ഇടപ്പള്ളി ജാറം റോഡിൽ കാനയും കവർസ്ലാബ് നിർമ്മാണം. S0169/22. | 98/21 -22. Dtd.24.1.22. | 84/21 -22. | സത്യജിത്ത് | 51.500 M3 @228.52 =11768.78. |
| 3. | മാമാ ബസാർ ചക്കം കണ്ടം റോഡിൽ കാന നിർമ്മാണം. 179/22 | 42/21 -22. Dtd.13.12.21. | 32/21 -22 | സി.പി. വിനോദ്. | 38.641 M3* @228.52 = 8830.24/ - |
| 4. | മഹിളാ സമാജം റോഡിൽ കാനയും കവറിംഗ് സ്ലാബ് നിർമ്മാണം. S0152/22. | 101/21 -22. Dtd.1.2.22. | 68/21 -22 | സി.വി. സന്തോഷ്. | 58.408 M3 *228.52 =13347/ - |
| 5. | മമ്മിയൂർ കാട്ടുപാടം | 104/21 -22. Dtd.1.2.22. | 38/21 -22. | P.സുനിൽ കുമാർ | 63.120 M3 * 228.52. = |

| | | | | | |
|---|---|---|---|---|---|
| | ബാക്കി ഭാഗം കാന കവർ സ്ലാബ് നിർമ്മ്ാണം S0180/22 | | | | 14424.18. |
| 6. | യുവശക്തി റോഡിൽ കാനയും കവർസ്ലാബ് നിർമ്മാണം. S0121/22. | 93/21 -22. Dtd.19.1.22. | 35/21 -22. | P.നന്ദകുമാർ | 61.03m3 * 228.52 = 13946.58/ - |
| 7. | കിസാൻ റോഡിൽ കാന കൾവർട്ട് നിർമ്മാണെ. S0170/22 | 144/21 -22. Dtd.31.3.22. | 216/21 -22. | C.j.റാഫി. | 46.45m3* 228.52 = 10614/ - |
| 8. | ബ്രഹ്മകുളം പാലുവായ് റോഡ് കാമ നിർമ്മാണം. S0176/22. | 41/21 -22. Dtd.13.12.21. | 286/21 -22. | P.സുനിൽകുമാർ | 91.04 M3* 228.52 = 20819.69 |
| 9. | മസ്ജിദ് റോഡിൽ കാന കവർ സ്ലാബ് നിർമ്മാണം. S0117/22. | 78/21 -22. Dtd.17.1.22. | 52/21 -22. | ബാബു.കെ.ടി. | 75.67 M3* 228.52 = 17292/ - |
| 10. | വക്കീൽ രാധകൃഷ്ണൻ റോഡിൽ കാനയും കവർസ്ലാബ് നിർമ്മാണം. S0215/22. | 121/21 -22. Dtd.4.2.22. | 83/21 -22. | പ്രസന്നൻ കെ.വി. | 101.212 M3 * 228.52 = 23128.97/ - |
| 11. | അപ്പുമാസ്റ്റർ റോഡ് കാന നിർമ്മാണം. S0179/22 | 132/21 -22. Dtd.11.2.22. | 51/21 -22. | സി.ജെ. റാഫി. | 29.646 M3* 228.52 =6744.70/ - |

2021 – 22 വർഷത്തിൽ നടപ്പാക്കിയ മേൽ പദ്ധതികളിൽ കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരങ്ങൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ ലേല നടപടികൾ സ്വീകരിച്ച വിവരങ്ങളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം, ലേല നടപടി വിവരങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം – 24/3.4.23)

## 1-44 അമൃത് (അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) പദ്ധതി

ദേശിയ തലത്തിൽ 25.06.2015 ന് ഉദ്ഘാടനം ചെയ്ത അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടം കേരളത്തിൽ 28.02.2015 ന് ആരംഭിച്ചു. അമൃത് പദ്ധതിയുടെ ഒന്നാം ഘട്ടം താഴെ പറയുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായാണ് വിഭാവനം ചെയ്തിരുന്നത്.

1. ജലവിതരണം:-ജലവിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള ജലവിതരണ ശൃംഖലയെ മെച്ചപ്പെടുത്തൽ, പഴയ ജല വിതരണ പ്ലാന്റുകളും ജല ശുചീകരണ പ്ലാന്റുകളുടെയും പുനരുദ്ധാരണം, യൂണിവേഴ്സൽ മീറ്ററിംഗ് സ്ഥാപിക്കൽ, ഭൂഗർഭ ജലത്തിന്റെ റീചാർജ്ജിംഗും അതു വഴി ജലസ്രോതസുകളുടെ പുനരുജീവനവും, മെച്ചപ്പെടത്തലും ഉറപ്പു വരുത്തുക, മലയോര/തീരദേശ നഗരങ്ങളിലെ കുടിവെള്ളത്തിന്റെ ഗുണനിലവാര പ്രശ്നങ്ങൾക്ക് ( ഉദാ: ഫ്ലൂറൈഡ്, ആഴ്സണിക്ക്) ശാശ്വത പരിഹാരം ഉറപ്പുവരുത്തുക.

2. മലിന ജലവും, സെപ്റ്റേജ് മാനേജ്മെന്റും:- നിലവിലുള്ള മലിനജല നിർമ്മാർജന സംവിധാനങ്ങളുടേയും, മലിനജല സംസ്കരണ പ്ലാന്റുകളുടേയും ശേഷി വർദ്ധിപ്പിക്കൽ ഉൾപ്പെടെയുള്ള വികേന്ദ്രീകൃതവും, ശൃംഖലാ ബന്ധിതവുമായ ഭൂഗർഭ മലിനജല സംവിധാനങ്ങൾ സ്ഥാപിക്കൽ,

3. അധിക ജലം ഒഴുക്കി കളയുന്നതിനുള്ള ഡ്രൈനേജ് സംവിധാനമൊരുക്കൽ:- വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന അധിക ജലം ഒഴുക്കി കളയുന്നതിനും, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുമായുള്ള ഡ്രൈനേജുകളുടെ സംസ്ഥാപനവും, നിലവിലുള്ളതിന്റെ മെച്ചപ്പെടുത്തലും.

4. നഗരഗതാഗതം:- നടപ്പാതകൾ ഏർപ്പെടുത്തൽ , കാൽനട മേൽപ്പാലങ്ങൾ, മോട്ടോറില്ലാത്ത ഗതാഗത സൗകര്യങ്ങൾ (ഉദാ: സൈക്കിളുകൾ) പ്രോത്സാപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങളുടെ നിർമ്മാണവും, മെച്ചപ്പെടുത്തലും.

5. ഗ്രീൻസ്പേയ്സും പാർക്കുകളും: ബാലസൗഹ്ദവും, വയോജന സൗഹൃദവുമായ പാർക്കുകളുടേയും, ഹരിത ഇടങ്ങളുടെയും നിർമ്മാണവും, വികസനവും.

6. ഭരണപരമായ പരിഷ്ക്കരണങ്ങൾ :- പൗര സേവനങ്ങളുടെ വിതരണം മെച്ചപ്പെടുത്തുക, ഡെലിവറി ചെലവ് കുറയ്ക്കുക, സാമ്പത്തിക ആരോഗ്യം മെച്ചപ്പെടുത്തുക, വിഭവശേഷി വർദ്ധിപ്പിക്കുക, സുതാര്യത വർദ്ധിപ്പിക്കുക.

7. നഗര ഭരണത്തിന്റെ കാര്യക്ഷമതയും, ശേഷിയും വർദ്ധിപ്പിക്കുക:- വ്യക്തിഗത കപ്പാസിറ്റി ബിൽഡിംഗ്, ഇൻസ്റ്റിറ്റ്യൂഷണൽ കപ്പാസിറ്റി ബിൽഡിംഗ് എന്നിവ വഴി സ്ഥാപനപരമായ ഫലങ്ങൾ മെച്ചപ്പെടുത്തുക.

അമൃത് പദ്ധതിയുടെ ഫണ്ട് വിനിയോഗം

അമൃതിന് കീഴിലുള്ള പദ്ധതികൾക്കുള്ള കേന്ദ്രസഹായം മൊത്തം പദ്ധതിച്ചെലവിന്റെ 50% ആണ്.ബാക്കിയുള്ള 50% സംസ്ഥാന സർക്കാരും, നഗര സഭയും വഹിക്കേണ്ടതാണ്. 03.11.2015ന് ചേർന്ന അമൃത് ഒന്നാം ഘട്ട സ്റ്റേറ്റ് ഹൈ പവർ സ്റ്റിയറിംഗ് കമ്മറ്റി സംസ്ഥാന സർക്കാരും നഗരസഭയുമൊത്തുള്ള പദ്ധതി ചെലവിന്റെ നിരക്ക് 30:20 ആയി നിശ്ചയിച്ചു.

ഗുരുവായൂർ നഗരസഭയ്ക്ക് അമൃത് പദ്ധതിയിൽ 34 പ്രവൃത്തികൾക്കായി 218.3 രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിരിക്കുന്നത്. അത്രയും പദ്ധതികൾക്കായുള്ള സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. പദ്ധതി പ്രവർത്തനത്തിന്റെ പുരോഗതി സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി:38/04.04.2023-ന് സെക്രട്ടറി അറിയിച്ച മറുപടി അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

I) കുടിവെള്ള പദ്ധതികൾ

കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

കരുവന്നൂർ പുഴയിൽ കിണർ പണിത് ഗുരുവായൂരിലേയ്ക്ക് റോ വാട്ടർ പമ്പ് ചെയ്ത് കോട്ടപ്പടിയിൽ സ്ഥാപിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റിൽ ശുദ്ധീകരിച്ച് അവിടെ നിന്നും മൂന്ന് സോണിലേയ്ക്കായി (പൂക്കോട്,ഗുരുവായൂർ,തൈക്കാട് സോണലുകൾ) പമ്പ് ചെയ്ത് മൂന്ന് ടാങ്കുകളിൽ കൂടിയുള്ള കുടിവെള്ള വിതരണത്തിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയെ താഴെ കാണിക്കും വിധം ആറ് ഉപ പദ്ധതികളായി തിരിച്ചിരിക്കുന്നു. ആകെ അടങ്കൽ തുക 150.86 കോടി രൂപയാണ്.

1) കരുവന്നൂർ പുഴയിൽ (എട്ടുമന) കിണറും മറ്റ് അനുബന്ധ പ്രവൃത്തികളും , ഗുരുവായൂർ കോട്ടപ്പടിയിൽ ട്രീറ്റ് മെന്റ് പ്ലാന്റും മറ്റ് അനുബന്ധ പ്രവൃത്തികളും

കിണറിന്റെയും, പമ്പ് ഹൗസിന്റെയും കരുവന്നൂർ പുഴയിൽ പണികളും, ഗുരുവായൂർ കോട്ടപ്പടിയിൽ ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും പണികൾ പൂർത്തീകരിച്ചു. 11.65കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. മറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കാത്തതുകൊണ്ട് വൈദ്യുതീകരണം നടത്തിയിട്ടില്ലാത്തതായി സെക്രട്ടറി മേൽ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചു. 31.03.22 വരെ ആകെ ചെലവായ തുക:11.65കോടി.

2) കരുവന്നൂരിൽ നിന്നും ഗുരുവായൂർ ശുദ്ധീകരണ ശാല വരെയുള്ള 600/500 എം .എം. ഡി.ഐ. റോ വാട്ടർ പമ്പിംഗ് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി

| | |
|---|---|
| ആകെ സ്ഥാപിക്കേണ്ട പൈപ്പ് ലൈൻ | 39 കി.മീ |
| പൈപ്പ് സപ്ലൈ ചെയ്തത് | 36 കി.മീ |
| പൈപ്പ് സ്ഥാപിച്ചത് | 34 കി.മീ |

ആകെ 36352 മീറ്റർ പി.ഡബ്ല്യൂ.ഡി റോഡിൽ കൂടി പൈപ്പുകൾ സ്ഥാപിക്കേണ്ട ഈ പ്രവൃത്തിയിൽ, 25257 മീറ്റർ ദൂരത്തിൽ റോഡ് റീസ്റ്റോറേഷൻ പി.ഡബ്ല്യൂ.ഡി യും 12160 മീറ്റർ കേരള വാട്ടർ അതോറിറ്റിയും നടത്തിയതായാണ് സെക്രട്ടറി അറിയിച്ചത്. റിപ്പോർട്ട് പ്രകാരം ആകെ പി.ഡബ്ല്യൂ.ഡി റോഡിൽ പൈപ്പ് സ്ഥാപിക്കേണ്ടത് 36352 എന്നും, റോഡ് റീസ്റ്റോറേഷൻ പ്രവൃത്തി ചെയ്യേണ്ടത് 37417 മീറ്റർ എന്നതുമാണ് ഇവ തമ്മിൽ 1065 മീറ്ററിന്റെ വ്യത്യാസം കാണുന്നു. ഈ വ്യത്യാസത്തിനുള്ള കാരണം അറിയിക്കേണ്ടതാണ്.

14.11.2022 ൽ ബഹു.എം.എൽ.എ ശ്രീ.എൻ.കെ അക്ബർ അവർകളുടെ നേതൃത്വത്തിൽ നടത്തിയ പദ്ധതിയുടെ അവലോകന യോഗത്തിൽ ബാക്കിയുള്ള റോഡ് റീസ്റ്റോറേഷൻ പി.ഡബ്ല്യൂ.ഡി തന്നെ ചെയ്യുന്നതാണെന്ന് തീരുമാനിച്ചു. ഇതിനായി പി.ഡബ്ല്യു.ഡി ആവശ്യപ്പെട്ട മുഴുവൻ തുകയും അടച്ചു കഴിഞ്ഞിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു.

റോഡ് റീസ്റ്റോറേഷന് വേണ്ടി പി.ഡബ്ല്യു.ഡി യിൽ അടച്ച തുകയിൽ നിന്നും 1,96,04,200/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് തിരിച്ചു നൽകിയെങ്കിലും അതു കേരള വാട്ടർ അതോറിറ്റിയിൽ എത്തിയിട്ടില്ലെന്ന് സെക്രട്ടറി മേൽ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. പണം തിരികെ അക്കൗണ്ട് ചെയ്യപ്പെടാത്തതിന്റെ കാരണം അന്വേഷിക്കേണ്ടതും, ആയതിൽ വ്യക്തത വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

61.15 കോടി അടങ്കൽ തുകയായിരുന്ന ഈ പ്രവൃത്തിയ്ക്ക് കൂടിയ റോഡ് റീസ്റ്റോറേഷൻ ചാർജ് മൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാൽ അടങ്കൽ തുക 69.69 കോടി ആയി വർദ്ധിപ്പിക്കേണ്ടി വന്നതായും, അധിക തുകയായി 8.15 കോടി ഈ പ്രവൃത്തിക്കായി കണ്ടെത്തേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചു.ഒക്ടോബർ മാസം പണികൾ പുനരാരംഭിച്ചെങ്കിലും വെള്ളക്കെട്ട് കാരണം മുഴുവൻ പണികളും നിർത്തി വെയ്ക്കേണ്ടി വന്നു. എന്നാൽ പണികൾ ഇപ്പോൾ നടന്നു വരുന്നതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

3) കോട്ടപ്പടി ട്രീറ്റ്മെൻറ് പ്ലാൻറിൽ നിന്നും ഗുരുവായൂരിലെ 3 സോണിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിങ്ങ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയും തൈക്കാട് സോണിലേക്കുള്ള ടാങ്ക് നിർമ്മാണവും

ഈ പദ്ധതി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് വന്നതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റു നടപടികൾക്ക് താമസം നേരിട്ടു. ആകെ 9.50 കി.മീ പൈപ്പ് സ്ഥാപിക്കേണ്ടതിൽ 8.00 കി.മീ സപ്ലൈ ചെയ്യുകയും 5000 മീറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

ടാങ്ക് സ്ഥാപിക്കേണ്ട സ്ഥലം ഗുരുവായൂരിലെ ചക്കംകണ്ടത്താണ് തീരുമാനിച്ചിരുന്നത്. എന്നാൽ ചക്കംകണ്ടത്ത് സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറും സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറും നിലവിൽ സ്ഥാപിക്കുന്നതുകൊണ്ട് അവിടെ കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതും, പരിപാലിക്കുന്നതും ഒഴിവാക്കി മറ്റൊരു സ്ഥലത്ത് സ്ഥാപിക്കുന്നതു അഭികാമ്യം ആയിരിക്കും എന്ന കേരള വാട്ടർ അതോറിറ്റിയുടെ അഭിപ്രായം കോർകമ്മിറ്റിയിൽ അംഗീകരിക്കുകയും, അതനുസരിച്ച് വാട്ടർ അതോറിറ്റിയുടെ തന്നെ സ്ഥലമായ അങ്ങാടിത്താഴം ക്വാർട്ടേഴ്സ് കോമ്പൗണ്ട് അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സോയിൽ ടെസ്റ്റ് നടത്തുകയും

റീഡിസൈൻ ചെയ്യുകയും ചെയ്തു. പൈൽ ഡെപ്ത് കൂടിയതിനാൽ കോൺട്രാക്ടർ വർക്ക് ചെയ്യുവാൻ തയ്യാറാകാത്തതും ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വർക്ക് ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. രണ്ടാമത് ടെണ്ടർ ചെയ്തപ്പോൾ 27% കൂടുതലിനാണ് ടെണ്ടർ പോയത്. ഇത് അംഗീകരിച്ചില്ല. പിന്നീട് എത്രയും പെട്ടെന്ന് ചാവക്കാട് കുന്നംകുളം റോഡിൽ പൈപ്പുകൾ സ്ഥാപിക്കേണ്ടതിനാൽ 11 ഭാഗങ്ങൾ ആക്കികൊണ്ടു പ്രവൃത്തി നടപ്പിലാക്കുകയും അതിൻ പ്രകാരം പൈപ്പുകൾ സ്ഥാപിക്കുകയും ടാങ്കിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ 2022 മുതൽ പൈപ്പ് സ്ഥാപിക്കൽ തുടങ്ങി . അടങ്കൽ 15.50 കോടി. റിവൈസ്ഡ് ചെയ്ത തുക 17.74 കോടി. അധിക തുക 2.24 കോടി കണ്ടെത്തേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

4) പൂക്കോട് സോണിലേക്കുള്ള ഡിസ്ട്രിബ്യൂഷൻ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി .

ഈ പദ്ധതിയിൽ 40 കി.മീ പൈപ്പുകളാണ് സ്ഥാപിക്കേണ്ടത്. മുഴുവൻ റോഡിലും പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞതായും, അടങ്കൽ തുക 13.72 കോടി റിവൈസ് ചെയ്ത തുക 16.67. അധിക തുക 2.95 കണ്ടെത്തേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

5) തൈക്കാട് സോണിലേക്കുള്ള ഡിസ്ട്രിബ്യൂഷൻ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി .

ഈ പദ്ധതിയിൽ 20 കി.മീ പൈപ്പുകളാണ് സ്ഥാപിക്കേണ്ടത്. മുഴുവൻ പൈപ്പുകളും സപ്ലൈ ചെയ്തു കഴിഞ്ഞതായും, മുഴുവൻ മുനിസിപ്പൽ റോഡിലും കൂടാതെ 4.50 കി.മീ പി.ഡബ്ല്യു.ഡി റോഡിലും പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞതായും അറിയിച്ചിട്ടുണ്ട്. അടങ്കൽ തുക 10 കോടി, റിവൈസ് ചെയ്ത തുക 12.13 കോടി. അധിക തുക 2.13 കോടി കണ്ടെത്തേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഗുരുവായൂർ-തൃശ്ശൂർ റെയിൽവേ ലൈൻ ക്രോസ് ചെയ്യേണ്ടതുണ്ടെന്നും അതിനായുള്ള അനുമതി റെയിൽവേയിൽ നിന്നും ലഭിച്ചിട്ടില്ലെന്നും, റെയിൽവെയുടെ ആവശ്യ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പരിശോധിക്കുന്നതിനും ഐ.ഐ.ടി പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്.

6) ഗുരുവായൂർ സോണിലേക്ക് ഡിസ്ട്രിബ്യൂഷൻ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി .

ഈ പദ്ധതിയിൽ 52 കി.മീ പൈപ്പുകളാണ് സ്ഥാപിക്കേണ്ടത്. മുഴുവൻ പൈപ്പുകളും സ്ഥാപിച്ചു കഴിഞ്ഞു. അടങ്കൽ തുക 19.68 കോടി. റിവൈസ് ചെയ്ത തുക. 23.00 കോടി അധിക തുക 3.32 കോടി കണ്ടെത്തേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഈ സമഗ്ര കുടിവെള്ള പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക 136.08 കോടി. റിവൈസ് ചെയ്ത തുക 150.87 അധികമായി കണ്ടെത്തേണ്ടത് 14.7 കോടി.

അമൃത് പദ്ധതിയിൽ നഗരസഭ നേരിട്ട് നടപ്പിലാക്കുന്ന പ്രവൃത്തികൾ

കുളങ്ങളുടെ നവീകരണം

2018ൽ 10കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച ഈ പദ്ധതിയിൽ 6 പ്രവർത്തികളായി 8 കുളങ്ങൾ നവീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിൽ ഒരു കുളം ഉടമസ്ഥാവകാശത്തിന്റെ തർക്കം മൂലം റദ്ദാക്കിയിട്ടുള്ളതും ബാക്കിയുള്ള 5 പ്രവൃത്തികളിലായി 7 കുളങ്ങൾ നവീകരിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതിൽ 2 കുളങ്ങളുടെ പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

1) കോട്ടപ്പടിച്ചിറ, മിച്ചഭൂമി കുളം , അയ്യപ്പൻകുളം

A) കോട്ടപ്പടിച്ചിറ കുളം

ഈ പ്രവൃത്തിയുടെ ലെവൽസ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രവൃത്തി തുടങ്ങുന്ന സമയത്ത് കോവിഡും, തുടർന്ന് ശക്തവുമായ മഴയും കാരണം പണികൾ തുടങ്ങുവാൻ കഴിഞ്ഞില്ല. എന്നാൽ 20.01.2022 ന് പമ്പിംഗ് തുടങ്ങി കുളത്തിലെ മണ്ണ് നീക്കം ചെയ്തു. ചില അതിർത്തി പ്രശ്നങ്ങൾ ഉണ്ടായിരുന്നത് പരിഹരിച്ചു. വൈദ്യുതീകരണം ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചു.

B) മിച്ചഭൂമി കുളം

ഈ പ്രവൃത്തിയുടെ ലെവൽസ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രവൃത്തി തുടങ്ങുന്ന സമയത്ത് കോവിഡും, തുടർന്ന് ശക്തവുമായ മഴയും കാരണം പണികൾ തുടങ്ങുവാൻ കഴിഞ്ഞില്ല. എന്നാൽ 25.03.2022 ന് പണികൾ തുടങ്ങിയിട്ടുണ്ട്. മണ്ണിടിച്ചിലും കൂടാതെ വശങ്ങളിലുള്ള മതിലുകൾ വീഴുന്നതും കാരണം പണികളുടെ പുരോഗതി കുറവാണ്. ഇപ്പോൾ 20% പണി പൂർത്തീകരിച്ചു. പണികൾ ഉടനെ പുനരാരംഭിക്കുന്നതാണ്.

C) അയ്യപ്പൻകുളം

ഈ കുളത്തിന്റെ ലെവൽസ് എടുക്കുവാൻ തുടങ്ങിയപ്പോൾ ഉണ്ടായ അതിർത്തി തർക്കം മൂലം മറ്റ് പ്രവൃത്തികൾ

ഒന്നും തന്നെ തുടങ്ങുവാൻ സാധിച്ചിട്ടില്ല. റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് സർവ്വെ ചെയ്യുവാൻ തീരുമാനിക്കുകയും അതിനു വേണ്ടി അപേക്ഷ റവന്യൂ വകുപ്പിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതു പ്രകാരം 2021 സെപ്റ്റംബർ അവസാന ആഴ്ചയിൽ സർവ്വെ ചെയ്തു തരാമെന്ന് ചാവക്കാട് എൽ.എ തഹസിൽദാർ അറിയിച്ചതനുസരിച്ച് താലൂക്ക് സർവ്വെയർ സ്ഥലം പരിശോധിക്കുകയും ആ സമയത്ത് വെള്ളം കൂടുതലാകയാൽ സർവ്വെ നടപടികൾ പിന്നീട് ചെയ്യുവാൻ തീരുമാനിക്കുകയും 2022 ഫെബ്രുവരിയിൽ സർവ്വെയർ വന്ന് അളന്ന് തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലെവൽസ് റിപ്പോർട്ട് ചെയ്തു. പമ്പിംഗ് തുടങ്ങി മഴ മൂലം നിർത്തി വെച്ചു. ഇനിയും ചില അതിർത്തി തർക്കങ്ങൾ ഉള്ളതിനാൽ താലൂക്ക് സർവ്വെയർ ഉടനെ തന്നെ നിയമപരമായി സ്ഥലം അളന്നു തിട്ടപ്പെടുത്തി തരുന്നതാണ്. കോടതി സ്റ്റേ ചെയ്തതിനാൽ ഇപ്പോൾ പണികൾ നിർത്തി വച്ചിരിക്കുകയാണ്.

2) തച്ചാരുപ്പറമ്പിൽ കുളം

ഈ പ്രവൃത്തിയുടെ ലെവൽസ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രവൃത്തി തുടങ്ങുന്ന സമയത്ത് കോവിഡും, തുടർന്ന് ശക്തവുമായ മഴയും കാരണം പണികൾ തുടങ്ങുവാൻ കഴിഞ്ഞില്ല. കുളത്തിലേക്കുള്ള റോഡിന്റെ പ്രശ്നം മൂലം കുറച്ച് താമസിച്ചെങ്കിലും 27.01.2022 ന് പമ്പിംഗ് തുടങ്ങുകയും എല്ലാ തടസ്സങ്ങളും നീങ്ങി ഇപ്പോൾ വൈദ്യുതീകരണം ഒഴികെയുള്ള 90%പണികൾ പൂർത്തീകരിച്ചു.

3) വെട്ടത്ത് കുളം

പ്രവൃത്തി തുടങ്ങുന്ന സമയത്ത് കോവിഡും, തുടർന്ന് ശക്തവുമായ മഴയും കാരണം പണികൾ തുടങ്ങുവാൻ യഥാസമയം കഴിഞ്ഞില്ല. കുളത്തിന് സമീപമുള്ള ചില വീടുകളുടെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 90% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4) തരകൻ ലാസർ കുളം

ഈ കുളം നവീകരണത്തിൻറെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പവർ കണക്ഷൻ ലഭിച്ചു.

5) ബ്രഹ്മകുളം കുളം

എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു.

II സിവറേജ്/സെപ്റ്റേജ് സെക്ടർ

സീവറേജ്/സെപ്റ്റേജ് സെക്ടറിൽ 100 KLD ശേഷിയുള്ള സെപ്റ്റേജ് പ്ലാന്റ് ചാവക്കാട് വില്ലേജിൽ കേരള വാട്ടർ അതോറിറ്റി പെർമിസീവ് സാങ്ഷൻ നൽകിയ 50 സെൻറ് സ്ഥലത്ത് (സർവ്വേ നമ്പർ 58/3, 58/7, 58/8) സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിക്കാണ് അനുമതി ലഭ്യമായത്. 4.5 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതി M/s. ഗ്രീൻവേ സൊല്യൂഷ്യൻസ്, കൊച്ചി എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുള്ളതാണ്. ടി സ്ഥലം മണ്ണിട്ട് നികത്തുന്നതിനായി സ്ഥലത്തിന്റെ തരം മാറ്റേണ്ടതുണ്ട്. എന്നാൽ ഈ സ്ഥലം തണ്ണീർത്തടമായതിനാൽ ചീഫ് സെക്രട്ടറിയുടെ മീറ്റിങ്ങിൽ നികത്തുവാനുള്ള അനുമതി ലഭിച്ചില്ല. നഗരസഭയോട് മറ്റൊരു സ്ഥലം കണ്ടെത്താൻ ആവശ്യപ്പെടുകയും പി.സി.ബി യുടെ നിബന്ധന പ്രകാരമുള്ള സ്ഥലം ലഭ്യമല്ല എന്നുള്ളത് അമൃത് മിഷൻ ഡയറക്ടറെയും ചീഫ് സെക്രട്ടറിയെയും രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. എന്നാൽ കേരള വാട്ടർ അതോറിറ്റിയുടെ 3 എം.എൽ.ഡി സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൽ തന്നെ ടാങ്കും മറ്റു സാമഗ്രികളും നിർമ്മിച്ചുകൊണ്ട് കോ-ട്രീറ്റ്മെൻറ് നടത്തുവാൻ 50 ലക്ഷത്തിൽ താഴെ തുക ചെലവാക്കിയാൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിൻറെ പ്രവൃത്തികൾ നടത്താമെന്നുള്ള കേരള വാട്ടർ അതോറിറ്റി എം.ഡി യുടെ തീരുമാനം ചീഫ് സെക്രട്ടറി അംഗീകരിക്കുകയും എന്നാൽ സെപ്റ്റേജ് ട്രീറ്റ്മെന്റിന്റെ നടപടിക്രമങ്ങളിലുണ്ടായ ചെലവുകൾ നഷ്ട പരിഹാരം വേണ്ടി വന്നാൽ അതുൾപ്പടെ ആരു വഹിക്കും എന്നുള്ള തീരുമാനം സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടായാൽ കേരള വാട്ടർ അതോറിറ്റി പറഞ്ഞിട്ടുള്ള കോ-ട്രീറ്റ്മെന്റ് അംഗീകരിക്കാമെന്ന് ഗുരുവായൂർ നഗരസഭ ചെയർമാൻ ചീഫ് സെക്രട്ടറിയെ അറിയിച്ചിരുന്നു. എസ്.എച്ച്.പി.എസ്.സി യുടെ തീരുമാന പ്രകാരം ഈ വർക്ക് ക്യാൻസൽ ചെയ്യുകയും (സർക്കാർ ഉത്തരവ് G.O.(Rt)491/2023/LSGD Dt.25.02.2023) 50 ലക്ഷം രൂപ സ്വീവറേജ് കണക്ഷന് വേണ്ടിയുള്ള വാഹനങ്ങൾ വാങ്ങിക്കുന്നതിനു മാറ്റുകയും, ബാക്കി തുക കുടിവെള്ളത്തിനു മാറ്റുകയും ചെയ്തു.

III.സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടർ

13.85 കോടി രൂപയുടെ 12 പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ 11 കോടിയുടെ 12 പ്രവൃത്തികൾ പൂർത്തീകരിച്ചു. ടെണ്ടർ സേവിംഗ്സ് ഉൾപ്പെടെയുള്ള ബാലൻസ് തുക ഉപയോഗിച്ച് അഡീഷണൽ പ്രവൃത്തികൾക്ക് ടി.എസ് ലഭ്യമാക്കി ടെണ്ടർ നടപടി ചെയ്തു. വർക്കുകൾ നടന്നു വരുന്നു. ഒരു മാസത്തിനകം പദ്ധതി പൂർത്തീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

IV അർബൻ ട്രാൻസ്പോർട്ട്

38.85 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതിയുള്ളത്.

A) ഫുട്പാത്ത് നിർമ്മാണം .

ടെമ്പിൾ സർക്യൂട്ട് - മമ്മിയൂർ ജംഗ്ഷൻ - ആനക്കോട്ട എന്നിവിടങ്ങളെ ബന്ധിപ്പിക്കുന്ന ഫുട്പാത്തും, ഇന്നർ റിംഗ് റോഡിലും, മഞ്ജുളാൽ റോഡിലും ഗ്രാനൈറ്റ് ഫുട്പാത്തും, മഞ്ജുളാൽ റോഡിൽ ഡ്രെയിനും, സ്റ്റെയിൽ & സ്റ്റീൽ ഹാൻറ് റെയിലും ഇതിന്റെ ഭാഗമാണ്. ഇതിൽ ഫുട്പാത്ത് 2021 ഡിസംബറിൽ ഉദ്ഘാടനം നടത്തി.

B). മൾട്ടിലെവൽ കാർ പാർക്കിംഗ്

362 കാറുകൾ, 9 ബസുകൾ , 38 മിനി ബസുകൾ, 48 ബൈക്കുകൾ എന്നിവ പാർക്ക് ചെയ്യാവുന്നവ 12984 സ്ക്വയർ മീറ്ററുള്ള (ജി+5) ആറ് നിലകളിലായുള്ളതാണ് മൾട്ടി ലെവൽ കാർ പാർക്കിംഗ്. മൾട്ടി ലെവൽ കാർ പാർക്കിങ്ങിന്റെ പ്രവൃത്തിയുടെ ഫയർ , സോളാർ എന്നിവ ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തിയാക്കി 2022 മേയ് മാസത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. 01/12/2022 ന് പാർക്കിംഗിന് തുറന്ന് കൊടുത്തിട്ടുള്ളതാണ്.

V ഗ്രീൻ സ്പേസ് & പാർക്സ്

5.5 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായത് 6 പാർക്കുകൾക്കാണ്

1. ഭഗത് സിംഗ് ഗ്രൗണ്ട്

1 കോടി രൂപയാണ് അടങ്കൽ തുക. 100% പൂർത്തീകരിച്ചു. കോവിഡ് കാരണം മന്ദഗതിയിലാണ് വർക്ക് പോയിരുന്നത്. ഈ പാർക്ക് 26.03.2023 ന് ഉദ്ഘാടനം ചെയ്തു.

2. പൂക്കോട് സാംസ്കാരിക നിലയം ഗ്രൗണ്ട്

1.57 കോടി രൂപയാണ് അടങ്കൽ തുക. പ്രവൃത്തി പൂർത്തീകരിച്ചു. 27.08.2022 ന് ഉദ്ഘാടനം ചെയ്തു.

3.ബ്രഹ്മകുളം പാർക്ക്

പ്രവൃത്തികൾ പൂർത്തീകരിച്ചു. ഉദ്ഘാടനം നടത്തി.

4. പൂക്കോട് പാർക്ക്

മൊത്തം അടങ്കൽ 0.35 കോടി രൂപയിൽ വാട്ടർ അതോറിറ്റിയുടെ ട്രീറ്റ്മെന്റ് പ്ലാന്റിനടുത്തായതു കൊണ്ട് പണികൾ ആരംഭിക്കുവാൻ തടസ്സം നേരിട്ടു. തുടർന്ന് പ്രവൃത്തി ആരംഭിച്ച് 100 % പൂർത്തീകരിച്ചു. ഉദ്ഘാടനം നടത്തി (15.03.2023)

5. ചൂൽപ്പുറം പാർക്ക്

മൊത്തം അടങ്കൽ 0.28 കോടി രൂപയാണ്. പ്രവൃത്തി പൂർത്തീകരിച്ചു. ഉദ്ഘാടനം നടത്തി.

6. ചാവക്കാട് സ്കൂൾ ഗ്രൗണ്ട്

ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചിരുന്ന പ്രവൃത്തിയുടെ അടങ്കൽ 1.67 കോടി രൂപയാണ്. തുടർന്ന് പ്രവൃത്തിയിൽ കാര്യമായ മാറ്റം വന്നതിനാൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഒഴിവാക്കുകയും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി (2.5 കോടി രൂപ) ടെണ്ടർ ചെയ്തിട്ടുള്ളതാണ്. ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. അത് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടേതാണ്. എഗ്രിമെൻറ് വെച്ചു. പ്രവൃത്തികൾ ഉടനെ തുടങ്ങുന്നതും, 31.05.2023 ന് പൂർത്തീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗുരുവായൂർ നഗരസഭയ്ക്ക് 31.03.22 തിയതിയിൽ അമൃത് പ്രോജക്ടിൽ നിന്നും നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും കൂടി ആകെ ₹1,66,33,75,110 വരവുള്ളതാണ്. ഇനം തിരിച്ചുള്ള ചെലവു വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | സെക്ടർ | ചെലവു തുക (₹) |
|---|---|---|
| | | |
| 1 | കുടിവെള്ള പദ്ധതികൾ | 1,07,62,28,471.79 |

| | | |
|---|---|---|
| 2 | സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടർ | 9,96,40,446.00 |
| 3 | അർബൻ ട്രാൻസ്പോർട്ട് | 20,85,53,924.00 |
| 4 | ഗ്രീൻ സ്പേസ് & പാർക്സ് | 1,21,29,022.00 |
| ആകെ | | 1,39,65,51,863.79 |

പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.38/04.04.2023)

1-45 പത്രങ്ങളിൽ പരസ്യം -സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് ലഭിച്ചില്ല.

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻസിപ്പാലിറ്റിയിൽ 2021-22 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് (നം.12/22 - പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ) പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക | പത്രം |
|---|---|---|---|
| 1 | 22101455/05.11.21 | 9,324 | മാതൃഭൂമി |
| 2 | 22102097/16.02.22 | 3,110 | മാധ്യമം |
| 3 | 22102278/14.03.22 | 2,520 | ജനയുഗം |
| 4 | 22102361/22.03.22 | 1,915 | ജനയുഗം |
| 5 | 22102528/30.03.22 | 31,935 | മാധ്യമം |
| ആകെ | | 48,804 | |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട പത്രാധിപർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള പത്രപരസ്യങ്ങൾക്ക് തുക അനുവദിക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ അർഹമായ ഡിസ്കൗണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.16/31.03.23)

## 1-46 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | 1/22 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | ഇൻഫർമേഷൻ കേരള മിഷൻ | 22101084/20.09.21 | 4,00,000/- |
| 2 | 10/22വയോമിത്രം പദ്ധതി (വികസന ഫണ്ട് ജനറൽ) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 22101085/20.09.21 | 10,00,000 |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.15/31.03.23)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നഗരസഭ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഡെപ്പോസിറ്റ് വർക്കിന് 2021-22 വർഷം തുകയൊന്നും നല്കിയിട്ടില്ല. എന്നാൽ ഖണ്ഡിക 1-26 പ്രകാരം KWA യിലും ഖണ്ഡിക 1-29 പ്രകാരം KSEB യിലും തുക ഡെപ്പോസിറ്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ | | | 58586667 | 27200000 | മുതൽ- 10004526 | | 75782141 |
| സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പ | | | 1611400 | 204518270 | 0 | | 206129670 |

സംസ്ഥാന സർക്കാരിൽ നിന്നുള്ള വായ്പയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇക്കാര്യം വാർഷിക കണക്കിന്റെ അപാകതയായി ചേർത്തിട്ടുണ്ട്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 87668 |
| Equity Shares | 500000 |
| തൻവർഷം നിക്ഷേപിച്ച തുക | 6137 |
| ആകെ | 5,93,805 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,93,805 |

വർഷാവസാനം അവശേഷിക്കുന്ന തുകയുടെ വിവരം

| തുക | ബാങ്കിന്റെ പേര് |
|---|---|
| 93805 | ഗുരുവായൂർ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് |
| 500000 | ഇക്വിറ്റി ഷെയർ |

സ്ഥിരനിക്ഷേപത്തിന്റെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച രേഖപ്പെടുത്തൽ വാർഷിക കണക്കിന്റെ അപാകതയായി ചേർത്തിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1999-2000 | 19,42,33,40 | 2003-2004 ഖ. 6-13 | കോൺക്രീറ്റിംഗ് അധിക തുക നൽകിയതിന്, | 27.08.2021 ന് തുകകൾ ഈടാക്കി നടപടി |

| | | | | |
|---|---|---|---|---|
| | | | ചെയർപേഴ്സൺ ഫോൺ ചാർജ്ജ് | വിശദീകരണ പത്രിക നൽകിയി ട്ടുള്ളതാണ് |
| 2000-2001 | 2-16 | 2005-2006 ഖ. 3-17-1 | ഭവന നിർമ്മാണം കോസ്റ്റ് ഫോർഡ് മുഖാന്തിരം തീരുമാനിച്ചതിലുണ്ടായ സാമ്പത്തിക നഷ്ടം | 14.09.2021 ന് നടപടി വിശദീകരണ പത്രിക നൽകിയി ട്ടുള്ളതാണ്. |
| 2013-2014 | 48 | 2013-2014 5-3-5(2), 5(3), 5(4), 5(10) | വനിത കാൻറീൻ , ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പൂക്കോട് | 29.04.2016 ന് നടപടി വിശദീകരണ പത്രിക നൽകിയി ട്ടുള്ളതാണ്. |

## 4-8 ചാർജ് സർചാർജ്ജ്

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53,45,71,377.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67,36,68,912.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന്/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 68-69 | എൽഎഫ്. 2825/ ഇ2(1)70/07.04 |

| | |
|---|---|
| 72-73 | എൽ.എഫ് .5176ഇ2 (1)74/ 20.10.77 |
| 73-74 | എൽ.എഫ്. 2963ഇ 2 (1)75/12.11.75 |
| 74-75 | എൽ.എഫ്. 3243ഇ2 (1)76/15.7.76 |
| 75-76 | എൽ.എഫ്.1642 ഇ2 (1)77/2.7.79 |
| 76-77 | എൽ. എഫ്. 3337.ഇ2 (1)78/23.7.79 |
| 77-78 | എൽ.എഫ്.ടി-4-394/80/8.4.80 |
| 78-79 | എൽ. എഫ്.ടി-4- 1368/812.11.81 |
| 79-80 | എൽ. എഫ്.ടി-4-2098/82/ 25.1.83 |
| 80-81 | എൽ. എഫ്.ടി-4-2520/83 / 21.1.84 |
| 81-82 | എൽ.എഫ്.ടി-4-766/87.28.3.84 |
| 82-83 | എൽ.എഫ്.ടി-4-1214/89/16.8.90 |
| 83-84 | എൽ.എഫ്.ടി-4-1548/90/31.1.91 |
| 84-85 | എൽ.എഫ്.ടി-4-1286/91/6.10.91 |
| 85-86 | എൽ.എഫ്.ടി-4-43/93/20.11.93 |
| 86-87 | എൽ.എഫ്.ടി-4-595/94/24.2.95 |
| 88-89 | എൽ.എഫ്.ടി-4-2014/9531.3.97 |
| 89-90 | എൽ.എഫ്.ടി-4-1020/97/7.10.97 |
| 96-97ചെലവ് | എൽ.എഫ്.ടി-4-1025/97/15.4.98 |
| 96-97 വരവ് | എൽ.എഫ്.ടി-4-994/2001/ 24.11.01 |
| 91-92മുതൽ 95-96വരെ | എൽ.എഫ്.ടി-4-1780/7/10.9.09 |
| 97-98ചെലവ് | എൽ.എഫ്.ടി-4-568/00/3.8.00/ 30.11.00 |
| 97-98വരവ് | എൽ.എഫ്.ടി-4-1779/08/10.9.09 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1209/01/ 12.2.01/ 28.6.02 |
| 98-99ചെലവ് | എൽ.എഫ്.ടി-4-1458/0810.9.09 |
| 99-2000ചെലവ് | എൽ.എഫ്.ടി-4-1612/02/3.10.02 |
| 99-2000വരവ് | എൽ.എഫ്.ടി-4-1459/07/ 11.11.07 |
| 2000-01 | എൽ.എഫ്.ടി-4-1461/04/4.3.03 |
| 01-02 വരവ് | എൽ.എഫ്.ടി-4-687/01./5.6.2010 |
| 01-02ചെലവ് | എൽ.എഫ്.ടി-4-1409/0518.5.06/ 17.7.06 |
| 02-03ചെലവ് | എൽ.എഫ്.ടി-4-475/07/8.10.07/ 16.2.08 |
| 02-03വരവ് | എൽ. എഫ്.ടി-4-688/09/5.6.10 |
| 03-04വരവ് | എൽ.എഫ്.ടി-4-689/09/26.6.10 |
| 04-05 വരവ് | എൽ.എഫ്.ടി-4-690/09/26.6.10 |
| 05-06 വരവ്-ചെലവ് | എൽ.എഫ്.ടി-4-691/09/29.6.10 / 31.3.11 |
| 06-07 | എൽ.എഫ്.ടി 4-117/2011/ 10.11.11. |
| 07-08 | എൽ.എഫ്.ടി.എം.-118/11/ 10.11.11 |
| 08-2009 | എൽ.എഫ്.ടി.എം.-2610/11/ 25.6/12/3.10.12 |
| 2009-2010 | എൽ.എഫ്.ടി.എം.-2611/11/ 25.6.12/3.10.12 |
| 2011-2012 | എൽ.എഫ്.ടി.എം.150/1230.6.12/ 8.8.12 |

| | |
|---|---|
| 2011-12 | എൽ.എഫ്.ടി.എം.77/2013/ 13.413/2.9.13 |
| 2012-13 | എൽ.എഫ്.ടി.എം.836/14 തിയതി.04.02.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(എം) 1434/15 തി. 16.11.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(എം) 1402/116 തി. 09.08.2016. |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(എം) 56/2017 തി. 31.01.2017. |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(എം) 1723/2017 തി. 05.12.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(എം)837/19 തീ. 10.07.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ.(എം)502/20 തീ.10.06.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ.(എം2)293/2022, തീയതി.06.06.2022 |
| 2020-21 | കെ.എസ്.എ.ടി.എസ്.ആർ.(എം2)294/2022, തീയതി.06.06.2022 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ഗുരുവായൂര് മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്